

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: **dotsr.ksad@kerala.gov.in**
ഫോൺ : **0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR(P9)505/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR(P9)505/2021 തീയ്യതി: 31/03/2021

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-11-2019 മുതൽ 20-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
മേരി ഹണി ജോസഫ്	ഡെ.ഡയറക്ടർ	22-02-2021	03-03-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-02-2021	03-03-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റിന ജോസഫ, ഓഡിറ്റ ഓഫിസർ
സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ
സുനിൽ.പി.ബി, അസി.ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ.കെ.സി, അസി.ഓഡിറ്റ് ഓഫീസർ
മുഹമ്മദ് ഹിഷാം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
എം.എച്ച്.അബ്ദുൾസലാം	പ്രസിഡന്റ്	01-04-2019	31-03-2020
ഇ.വി. സഫിയ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2019	05-05-2019
എം.ജയലക്ഷ്മി	സെക്രട്ടറി	02-05-2019	19-07-2019
സാബു ജോർജ്ജ്	സെക്രട്ടറി	20-07-2019	02-08-2019
അൻസാർ അഹമ്മദ്.കെ.എ.	സെക്രട്ടറി	03-08-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സുജിത്ത്.പി.ജി.	കൃഷി ഓഫീസർ (ഇൻ ചാർജ്ജ്)	01-04-2019	05-08-2019
ടിസ്സി റെയ്ച്ചൽ തോമസ്	കൃഷി ഓഫീസർ	09-05-2019	31-10-2019
സ്മിത.എം.കെ.	കൃഷി ഓഫീസർ (ഇൻ ചാർജ്ജ്)	01-11-2019	13-12-2019
ജോബി.വി.വി.	കൃഷി ഓഫീസർ	14-12-2019	31-03-2020
രശ്മി.കെ.ആർ.	അസി. എഞ്ചിനീയർ	01-04-2019	31-03-2020
ഡോ.താരാ.എം.എ.	മെഡിക്കൽ ഓഫീസർ - PHC	01-04-2019	31-03-2020
ഡോ.ബീജു.പി.ജി.	മെഡിക്കൽ ഓഫീസർ - ഹോമിയോ	01-04-1919	31-03-2020
ഡോ.ലാലു.ടി.ആർ.	മെഡിക്കൽ ഓഫീസർ - ആയൂർവ്വേദം	01-04-2019	31-03-2020
രാജി രവീന്ദ്രൻ	വെറ്റിനറി സർജൻ	01-04-2019	31-03-2020
ഉമാ ദേവി	ഹെഡ്മിസ്ട്രസ് LPS മുള്ളൂർക്കര	01-04-2019	31-03-2020
രഞ്ജിനി.എൻ.	വി.ഇ.ഓ.മുള്ളൂർക്കര	01-04-2019	31-03-2020
ജെസ്റ്റിൻ സെബാസ്റ്റ്യൻ	വി.ഇ.ഓ. ഇരുനിലംക്കോട്	01-04-2019	19-09-2019

രഞ്ജിനി.എൻ.	വി.ഇ.ഓ. ഇരുനിലംക്കോട്	20-09-2019	31-03-2020
സിന്ധു.എ.കെ.	ICDS സൂപ്പർവൈസർ	01-04-2019	31-03-2020
ഇ.വി. സഫീയ	അസി. സെക്രട്ടറി	01-04-2019	31-03-2020
ശ്രീജ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	05-09-2019
സുസ്മിത	ഡയറി ഫാം ഇൻസ്ട്രക്ടർ	06-09-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പു പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വസ്തു നികുതി (റെസിഡൻഷ്യൽ)	1-11-1
12	വസ്തു നികുതി നോൺ-റെസിഡൻഷ്യൽ	1-11-2
13	ലൈബ്രറി സെസ്സ്	1-11-3
14	വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട്	1-11-4
15	കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുന്നില്ല	1-11-5
16	മുൻകൂർ തുകകൾ വാർഷികകണക്കുമായി സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-11-6
17	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല	1-11-7
18	തൊഴിലുറപ്പ് - കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-11-8
19	350800101 " Liability In Respect Of Stale Cheque” എന്ന ശീർഷകത്തിൽ തെറ്റായ രേഖപ്പെടുത്തൽ	1-11-9
20	പാർട്ട് ബിൽ വർക്ക് ഇൻ പ്രോഗ്രസ്സായി ചേർത്തിട്ടില്ല	1-11-10
21	വാർഷികകണക്കുകളുടെ സമർപ്പണം - പൊതു അപാകതകൾ	1-11
22	വാടക ബൈലോ അംഗീകാരം വാങ്ങിയിട്ടില്ല.	1-12
23	ആംബുലൻസ് വാടക കുറവ് അടവാക്കി	1-13
24	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-14
25	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും എന്റർപ്രണേർഷിപ്പ് പ്രവർത്തികൾക്കും മറ്റ് സേവനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് - അപാകതകൾ	1-15
26	ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല	1-16
27	വിമുക്ത ഭടന്മാർക്ക് വസ്തുനികുതി ഒഴിവ് - മുഴുവൻ സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല	1-17
28	നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നത് - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല	1-18

29	സോളാർ പാനൽ സ്ഥാപിക്കൽ - അപാകതകൾ	1-19
30	അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷപെൻഷൻ തിരികെ ഈടാക്കേണ്ടതാണ്	1-20
31	വനിത തൊഴിൽ പരിശീലന കേന്ദ്രം - പ്രവർത്തനം ആരംഭിച്ചില്ല	1-21
32	ദിവസവേതനം/താത്ക്കാലിക നിയമനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	1-22
33	കരാർ ലംഘനം - പഞ്ചായത്തിനുണ്ടായ നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല	1-23
34	സ്മാർട്ട് ക്ളാസ് റൂം ആറ്റൂർ സ്കൂൾ - പാഴ്ചെലവ് 3.99 ലക്ഷം	1-24
35	ഫ്ളാറ്റ് പൂർണ്ണമായും കൈമാറ്റം നടത്തിയിട്ടില്ല	1-25
36	കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് - പൂർത്തീകരണത്തിന് വർഷങ്ങളുടെ കാലതാമസം	1-26
37	പാള പ്ലേറ്റ്, പേപ്പർ പ്ലേറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള മെഷിനറികൾ ഏറ്റെടുത്ത് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല	1-27
38	വിവിധ നിർമ്മാണ പ്രവൃത്തികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല	1-28
39	ആസ്തി രജിസ്റ്റർ കാലികമാക്കി പരിഷ്കരിച്ചിട്ടില്ല	1-29
40	ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല	1-30
41	സ്റ്റോക്ക് രജിസ്റ്റർ നിയമാനുസൃതം പരിപാലിക്കേണ്ടതാണ്	1-31
42	ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല	1-32
43	ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 7079/- രൂപ നഷ്ടം	1-33
44	ജി.എസ്.ടി.കോംപൻസേഷൻ നൽകിയത് -കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്	1-34
45	ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ നവീകരണത്തിനും, വിപുലീകരണത്തിനുമായി നടപ്പാക്കിയ പ്രവർത്തി വിവിധ പ്രോജക്ടുകളായി വിഭജിച്ച് നടത്തി	1-35
46	10% ഓവർഹെഡ് ചാർജ് അനുവദിക്കുന്നു - സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണ്	1-36
47	നിർവ്വഹണ ഏജൻസികളിൽ തുക അടവാക്കിയതിന്റെ കൈപ്പറ്റു രശീതിയും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-37
48	കുടിവെള്ള പ്രോജക്ടുകളിൽ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	1-38
49	വൈദ്യുത പ്രോജക്ടുകളിൽ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	1-39
50	ഫില്ലിംഗ് വിത്ത് കാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നയിനത്തിന് DSR നിരക്കിലും കൂടിയ തുക അനുവദിച്ചു	1-40
51	ഫെർട്ടിഗെഷൻ യൂണിറ്റ് - അപാകതകൾ	1-41
52	ലൈഫ് ഭവനപദ്ധതി - അപാകതകൾ	1-42
53	കന്നുകുട്ടിപരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-43
54	പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ല	1-44

55	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - അവലോകനം	1-45
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 7079/- രൂപ നഷ്ടം	3-1
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ഓഡിറ്റ് പ്രത്യവലോകനം	4-8
9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05.02.19 ലെ 1(1) നമ്പർ തീരുമാനത്തെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഭരണസമിതി 06.02.19 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിക്കുകയുണ്ടായി. 1.2.19 ൽ ചേർന്ന പ്രത്യേക യോഗത്തിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് (ചെയർമാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(1എ)) വകുപ്പ് പ്രകാരം 2019-20 ലെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു. തുടർന്ന് ഭേദഗതികൾ ഉൾപ്പെടുത്തി 06.02.19 ൽ ബജറ്റ് അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് 18,74,76,909 രൂപയും ചെലവ് 17,41,94,652 രൂപയും ആണ്. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുമ്പോൾ, നിലവിലെ വരുമാനത്തിൽ മാറ്റം വരുമ്പോൾ അനുപൂരകമോ/പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കേണ്ടതുണ്ട് എന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-1(iv) ഉം കേരള പഞ്ചായത്ത് രാജ് നിയമം 214(5) വകുപ്പും വ്യക്തമാക്കുന്നു. എന്നാൽ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് പുതിയ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ച് ഉത്തരവായപ്പോഴും പുതുക്കിയതോ/അനുപൂരകമോ ആയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുകയോ ഭരണസമിതി മുമ്പാകെ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വലിൽ നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് . ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല. കൂടാതെ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വലിൽ വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർ നിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 24.02.20 ൽ ചേർന്ന യോഗത്തിലെ തീരുമാനം 10(1) അനുസരിച്ച് 2019-20 ലെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്.

29.01.18 ലെ സ.ഉ(കൈ)നം.11/18/തസ്വഭവ ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം ബഡ്ജറ്റ് അംഗീകരിക്കുന്നതിന് മുൻപായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടാനായില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബഡ്ജറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കേണ്ടതുമാണ്. അതായത് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ/ഭേദഗതി ശുപാർശ ചെയ്യപ്പെട്ടാൽ പ്രസ്തുത നിർദ്ദേശങ്ങൾ/ ഭേദഗതികൾ ഉൾപ്പെടുത്തിയ പുതുക്കിയ ബഡ്ജറ്റ് പാസാക്കാൻ ഗ്രാമപഞ്ചായത്തിന് ബാധ്യതയുണ്ട്. എന്നാൽ 22.5.19 ൽ 1(3) തീരുമാനമായി 49 സ്പിൽ ഓവർ പദ്ധതികൾ 2019-20 ൽ നടപ്പാക്കാൻ തീരുമാനിച്ചു എങ്കിലും പുതുക്കിയ ബഡ്ജറ്റ് പാസ്സാക്കിയല്ല പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2019	27-04-2019

1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

	തുക (രൂപ)
മുന്നിരിപ്പ്	1,55,30,906.00

ഓഡിറ്റ് വർഷത്തെ വരവ്	77911583.00
ആകെ	93442489.00
ഓഡിറ്റ് വർഷത്തെ ചെലവ്	73276425.00
നീക്കിയിരിപ്പ്	20166064.00
വരവിനങ്ങളിലെ നഷ്ടം	0
ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	7079
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	75710

1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക	കുറിപ്പ്
വികസന ഫണ്ട് (ജനറൽ)	-	12761471	12761471	8850431	3911040	
വികസന ഫണ്ട് (SCP)	-	5597294	5597294	5226899	370395	
വികസന ഫണ്ട് (TSP)	-	246854	246854	67000	179854	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - Tied)	-	-	-	-	-	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - UnTied)	-	8282042	8282042	5261042	3121000	
ലോകബാങ്ക് സഹായം	-	-	-	-	-	
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	-	8301000	8301000	3497137	4803863	
മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	-	3251000	3251000	2907790	343210	
പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്)						
ഐ.സി.ഡി.എസ്. 320100121	147551	1976889	2124440	1135389	989051	
കേന്ദ്രാവിഷ്കൃത ഫണ്ട് "ബേട്ടി ബച്ചാവോ ബേട്ടി പഠാവോ" 320100203	27502	0	27502	0	27502	
കേന്ദ്രാവിഷ്കൃത ഫണ്ട് സ്വച്ച് ഭാരത് (പെർഫോർമൻസ് ഗ്രാന്റ്) 320100203	256082	0	256082	0	256082	
ഫിഷറീസ് ക്യാപിറ്റൽ	16413	0	16413	0	16413	
സാക്ഷരത മിഷൻ ഗ്രാന്റ്	2394	97	2491	0	2491	

320200309						
ശുചിത്വമിഷൻ ഗ്രാന്റ് 320200322	1031500	0	1031500	33982	997518	
വിമുക്തി 320200399	54800	0	54800	6090	48710	
ജലനിധി 320300102	0	480004	480004	0	480004	
ടോട്ടൽ സാനിറ്റേഷൻ മിഷൻ 320300103	180000	0	180000	0	180000	
ലൈഫ് മിഷൻ സംസ്ഥാനവിഹിതം 320300199	0	2400000	2400000	2360000	40000	

1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ പദ്ധതി അവലോകനം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
230	91418217	120	42977629	100	10	52.17

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	985	1105960	1106945	1106945	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	ഇല്ല	1,41,83,082	1,41,83,082	1,41,83,082	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	20,640	15
കർഷകതൊഴിലാളി പെൻഷൻ	19,17,600	325
വിധവാപെൻഷൻ	59,77,800	1041
വാർദ്ധക്യകാലപെൻഷൻ	70,70,700	1207
വികലാംഗപെൻഷൻ	17,31,400	291
അവിവാഹിത പെൻഷൻ	7,68,600	130
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	1,50,000	5

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.2021 തിയതിയിൽ 2.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 75,990 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

എ) വർക്കിംഗ് ഗ്രൂപ്പുകൾ

മാർഗ്ഗരേഖ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കുകയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 24.12.19 ലെ കമ്മിറ്റി തീരുമാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പുനസംഘടിപ്പിച്ചിട്ടില്ല. 10 മുതൽ 15 വരെ അംഗങ്ങൾ അതാത് വികസനമേഖലയിലെ വിദഗ്ധരുൾപ്പെടെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും ഉണ്ടാകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കണമെന്നും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വികസനമേഖലയുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വിഷയമേഖലയുമായി ബന്ധപ്പെട്ട് സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഡ് സഭായോഗങ്ങൾ, വികസനസെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾക്ക് അക്കാഡമിക് സഹായവും നേതൃത്വവും നൽകുക എന്നിവയെല്ലാം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെടുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും കഴിഞ്ഞ 20 വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണകളോടെ പ്രോജക്ട് തയ്യാറാക്കുകയും കരട് പദ്ധതിരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതി രേഖ തയ്യാറാക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നു. പ്രോജക്ട് നടപ്പാക്കിയതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനുട്ട്സ് രേഖപ്പെടുത്തൽ, മിനുട്ട്സ് ബുക്ക് സൂക്ഷിക്കൽ, രേഖകൾ ക്യത്യമായി സൂക്ഷിക്കുകയും കൈമാറുകയും ഉൾപ്പടെയുള്ളവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലയാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ/വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കാര്യം തികയാതെയാണ് പല യോഗങ്ങളും ചേർന്നിട്ടുള്ളത്. ഉദാ.ദാരിദ്ര്യ ലഘൂകരണം ഒന്നാമത്തെയും രണ്ടാമത്തേയും യോഗം, പൊതുമരാമത്ത് രണ്ടാമത്തേയും മൂന്നാമത്തെയും യോഗം

2) പല വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാ. പൊതുമരാമത്ത് എല്ലാ യോഗങ്ങളും, കുടിവെള്ളം ശുചിത്വം എല്ലാ യോഗങ്ങളും

3) മിക്ക വർക്കിംഗ് ഗ്രൂപ്പുകളിലും കാര്യക്ഷമമായി ചർച്ച നടക്കുകയോ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരികയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന രേഖകളിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന രീതിയിൽ വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

4) കൺവീനർമാർ എല്ലാ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പങ്കെടുക്കുന്നില്ല.

5) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ പ്രോജക്ട് ഫയലിനോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിന് മറുപടി നൽകേണ്ടതുമാണ്.

ബി) മോണിറ്ററിംഗ് നടത്തുന്നില്ല

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ,തിയതി 29.3.2017 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. മാത്രമല്ല പ്രൊജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണഉദ്യോഗസ്ഥൻ പ്രൊജക്ടിന്റെ ഭൗതികലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഒരു പ്രൊജക്ടിലും മോണിട്ടറിംഗ് നടത്തുകയോ പൂർത്തീകരണപത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയതി
പെർഫോർമൻസ് ഓഡിറ്റ്	12.11.20 & 13.11.20	**2020** ഫെബ്രുവരി, മാർച്ച്	24.02.2021
അക്കൗണ്ടന്റ് ജനറൽ	03.06.20 മുതൽ 12.06.20	2014-15 മുതൽ 2018-19	09.09.2020

	വരെ		

1-11-1 വസ്തു നികുതി (റെസിഡൻഷ്യൽ)

തൻവർഷം

വസ്തു നികുതി (റെസിഡൻഷ്യൽ) യിൽ താഴെ പറയുന്ന കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്.

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്		ആകെ കളക്ഷൻ (മുൻകൂർ ക്രമീകരിച്ചതു സഹിതം)	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	18,61,852	18,50,988	(+)	15702	18,61,880	ഇല്ല
			(-)	4810		
			ആകെ	10892		
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	18,61,852	18,48,057	ഹെഡ് ഓഫ് A/c.350410101		18,61,880	ഇല്ല
			(+)	15,702		
			(-)	4810		
			(+)	2931		
			ആകെ	13823		

എന്നാൽ വസ്തുനികുതി തൻവർഷത്തെ കണക്കിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതാണ്.

1. മേൽ വ്യക്തമാക്കിയ സാഖ്യാ, സഞ്ചയ കണക്കുകളിൽ 'അരിതമെറ്റിക്കൽ ആകുറസി' പാലിച്ചിട്ടില്ലാത്തതാണ്.
2. മുൻവർഷത്തെ വാർഷികണക്ക് ബാലൻഷീറ്റ് B9 ഷെഡ്യൂളിലെ ഹെഡ് ഓഫ് A/c.350410101 പ്രകാരം വസ്തു നികുതി (റെസിഡൻഷ്യൽ) ഇനത്തിൽ ക്രമീകരിക്കുന്നതിനായി അവശേഷിച്ചിരുന്ന മുൻകൂർ തുക ₹6,649/- മാത്രമായിരുന്നു. എന്നാൽ മേൽ വ്യക്തമാക്കിയ പ്രകാരം സാഖ്യാ കണക്കിൽ അറ്റ തുകയായി ₹13823ഉം സഞ്ചയ കണക്കിൽ അറ്റ തുകയായി ₹10892 ഉം മുൻകൂറുകൾ ക്രമീകരിച്ചിരിക്കുന്നു. 31.03.2020 തിയതിയിൽ ഹെഡ് ഓഫ് A/c.350410101-ൽനിന്നും അഡ്ജസ്റ്റ് ചെയ്ത തുകകൾ സാധൂകരിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് 01-03-21 നല്കിയ ഓഡിറ്റ് എൻകുയറിയ്ക്ക് നൽകിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്വെയറിൽ നടന്ന പ്യൂരിഫിക്കേഷൻ നടപടിയുടെ ഫലമായി മുൻവർഷങ്ങളിൽ അധികം പിരിവുവരുത്തിയ തുക ക്രമീകരിച്ചതു മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്. മുൻവർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെട്ടിരിന്ന മുൻകൂർ തുകയേക്കാൾ ഉയർന്ന സംഖ്യ ക്രമീകരിച്ചത് സാധൂകരിക്കുന്ന വൗച്ചറുകളോ, രേഖകളുടെയോ അഭാവത്തിൽ മേൽ വിവരിച്ച പ്രകാരം തൻവർഷത്തെ വസ്തു നികുതി (റെസിഡൻഷ്യൽ) കണക്കിൽ നടത്തിയ ഡിമാന്റ് ക്രമീകരണം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

1-11-2 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ

വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം ഇനത്തിൽ താഴെ പറയുന്ന കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്.

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്		ആകെ കളക്ഷൻ (മുൻകൂർ ക്രമീകരിച്ചതു സഹിതം)	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2014550	1917084	(+)	31238	19,44,466	40,782
			(-)	3856		
			ആകെ	27382		
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2014550	19,47,016	ഹെഡ് ഓഫ് A/c.350410104		19,74,601	40,783
			(+)	31238		
			(-)	3856		
			(+)	203		
			ആകെ	27585		

1. മേൽ വ്യക്തമാക്കിയ സാഖ്യാ, സഞ്ചയ കണക്കുകളിൽ 'അരിതമെറ്റിക്കൽ ആകുറസി' പാലിച്ചിട്ടില്ലാത്തതാണ്.

2. മുൻവർഷത്തെ വാർഷികണക്ക് ബാലൻഷീറ്റ് B9 ഷെഡ്യൂളിലെ ഹെഡ് ഓഫ് A/c.350410104 പ്രകാരം വസ്തു നികുതി (നോൺ റെസിഡൻഷ്യൽ) ഇനത്തിൽ ക്രമീകരിക്കുന്നതിനായി അവശേഷിച്ചിരുന്ന മുൻകൂർ തുക ₹766/- മാത്രമായിരുന്നു. എന്നാൽ മേൽ വ്യക്തമാക്കിയ പ്രകാരം സാഖ്യാ കണക്കിൽ അറ്റ തുകയായി ₹27585ഉം സഞ്ചയ കണക്കിൽ അറ്റ തുകയായി ₹127382ഉം മുൻകൂറുകൾ ക്രമീകരിച്ചിരിക്കുന്നു. 31.03.2020 തിയതിയിൽ ഹെഡ് ഓഫ് A/c.350410104-ൽ നിന്നും അഡ്ജസ്റ്റ് ചെയ്ത തുകകൾ സാധൂകരിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് 01-03-21 നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് നൽകിയ മറുപടിയിൽ സഞ്ചയ സോഫ്റ്റെയറിൽ നടന്ന പ്യൂരിഫിക്കേഷൻ നടപടിയുടെ ഫലമായി മുൻവർഷങ്ങളിൽ അധികം പിരിവുവരുത്തിയ തുക ക്രമീകരിച്ചതു മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്. മുൻവർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെട്ടിരിന്ന മുൻകൂർ തുകയേക്കാൾ ഉയർന്ന സംഖ്യ ക്രമീകരിച്ചത് സാധൂകരിക്കുന്ന വൗച്ചറുകളോ, രേഖകളുടെയോ അഭാവത്തിൽ മേൽ വിവരിച്ച പ്രകാരം തൻവർഷത്തെ വസ്തു നികുതി (നോൺ റെസിഡൻഷ്യൽ) കണക്കിൽ നടത്തിയ ഡിമാന്റ് ക്രമീകരണം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വസ്തു നികുതി നോൺ-റെസിഡൻഷ്യൽ കൂടിശ്ശിക ഇനത്തിൽ താഴെ പറയുന്ന കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്.

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ആകെ കളക്ഷൻ (മുൻകൂർ ക്രമീകരിച്ചതു സഹിതം)	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	46623	13826	സഞ്ചയ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തലുകൾ ഇല്ല	13826	33,000
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	37143	13623	-	13623	33,000

1. മേൽ വ്യക്തമാക്കിയ സാഖ്യാ, സഞ്ചയ കണക്കുകളിൽ 'അരിതമെറ്റിക്കൽ ആകുറസി' പാലിച്ചിട്ടില്ലാത്തതാണ്.

2. മുൻവർഷത്തെ (2018-19) വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B15 പ്രകാരം ₹37,143 എന്നാൽ മേൽ പട്ടികയിൽ വ്യക്തമാക്കിയ പ്രകാരം സാഖ്യാ, സഞ്ചയ കണക്കുകളിൽ ഡിമാന്റായി എടുത്തിരിക്കുന്ന തുകകളിൽ തന്നെ വലിയ അന്തരം കാണുന്നു.

3. വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP43 പ്രകാരം ഈ ഇനത്തിലുള്ള 2019-20 വർഷത്തെ പിരിവ് ₹13623 ഉം മേൽ വ്യക്തമാക്കിയതുപോലെ പരിശോധനയ്ക്കായി ഹാജരാക്കിയ സഞ്ചയ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള പിരിവ് തുക ₹13826 എന്നാൽ കളക്ഷനിൽ വന്ന ഈ വ്യത്യാസം വിശദീകരിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. എന്നാൽ 31.03.21ന് പിരിയ്ക്കാനായി ബാക്കി നില്ക്കുന്നത് ഒരേ സംഖ്യയായി (₹33,000/-) മേൽ വ്യക്തമാക്കിയ പ്രകാരം സഞ്ചയ കണക്കുകളിലും, വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B15 സ്റ്റേറ്റ്മെന്റിലും ക്രമീകരിച്ചിരിക്കുന്നു.

5. സഞ്ചയ സോഫ്റ്റെയറിൽ നടന്ന പ്യൂരിഫിക്കേഷൻ നടപടിയുടെ ഫലമായി മുൻവർഷങ്ങളിൽ അധികം പിരിവുവരുത്തിയ തുക ക്രമീകരിച്ചതു മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്. ഡിമാന്റിലും, കളക്ഷനിലും വ്യത്യസ്തമായ തുകയും ബാലൻസിൽമാത്രം ഒരേതുകയും വന്നത് സാധൂകരിക്കുന്ന വൗച്ചറുകളോ, രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലതാണ് എന്നതിനാൽ ഈ ഡിമാന്റ്, കളക്ഷൻ, ബാലൻസ് ക്രമീകരണം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

1-11-3 ലൈബ്രറി സെസ്സ്

ലൈബ്രറി സെസ്സ് (തൻവർഷം&കൂടിശ്ശിക) ഇനത്തിൽ താഴെ പറയുന്ന കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്.

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കൂടിശ്ശിക	ആകെ	തൻ വർഷം	കൂടിശ്ശിക	ആകെ			തൻ വർഷം	കൂടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്	റെസിഡൻഷ്യൽ	94640	-	94640	93873		93873	911	172	0	0	0

വെയർ പ്രകാരം	നോൺ-റെസിഡൻഷ്യൽ	102304	2334	104638	97852	694	98546	1584-84=1500	1500	2041	1650	3691
	ആകെ			199278			192419	2411	1672	3691		
431910101 -State Govt . Cess/levies..... ലെഡ്ജർ പ്രകാരം 2019-20		198894			195202 (വസ്തുനികുതി കണക്കിൽനിന്നും ക്രമീകരിച്ചത്)					3692		

1. മേൽ വ്യക്തമാക്കിയ സഞ്ചയ കണക്കുകളിൽ 'അരിതമെറ്റിക്കൽ ആകുറസി' പാലിച്ചിട്ടില്ലാത്തതാണ്.
2. മേൽ പട്ടികയിൽ വ്യക്തമാക്കിയ പ്രകാരം സാഖ്യാ, സഞ്ചയ കണക്കുകളിൽ ഡിമാന്റായി എടുത്തിരിക്കുന്ന തുകകളിൽ അന്തരം കാണുന്നു.
3. 31.03.2020 തിയതിയിൽ ഹെഡ് ഓഫ് A/c.431910101 State Govt. Cesses/levies In Property Taxes Control Accountndൽ 9 ജേണൽ എൻട്രികളിലായി ₹1,95,202/- അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതാണ്
4. സഞ്ചയ സോഫ്റ്റ്വെയറിൽ നടന്ന പ്യൂരിഫിക്കേഷൻ നടപടിയുടെ ഫലമായി മുൻവർഷങ്ങളിൽ ഈ ഇനത്തിൽ അധികം പിരിവുവരുത്തിയ തുക ക്രമീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഇത് സാധൂകരിക്കുന്ന വൗച്ചറുകളോ, രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലതാണ് എന്നതിനാൽ ഈ ഡിമാന്റ്, കളക്ഷൻ, ബാലൻസ് ക്രമീകരണം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

1-11-4 വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട്

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു അതിൽ ₹440541 കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

ക്ര.ന	ജേണൽ വൌച്ചർ	തീയ്യതി	തുക
1	41900380	31.03.20	337729

നോൺ-റെസിഡൻഷ്യൽ

ക്ര.ന	ജേണൽ വൌച്ചർ	തീയ്യതി	തുക
1	41900381	31.03.20	102812

1-11-5 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ 208 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ

തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-11-6 മുൻകൂർ തുകകൾ വാർഷികകണക്കുമായി സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര.ന	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	3,33,486	4810
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	77,116	3856

1-11-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4635158 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9834621 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-11-8 തൊഴിലുറപ്പ് - കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-11-9 350800101 " Liability In Respect Of Stale Cheque” എന്ന ശീർഷകത്തിൽ തെറ്റായ രേഖപ്പെടുത്തൽ

350800101 " Liability In Respect Of Stale Cheque” എന്ന ശീർഷകത്തിൽ വൌച്ചർനം.21900093 പ്രകാരം ₹5160/- ചെലവായി കാണിച്ചിരിക്കുന്നു. തുക ക്രമീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

1-11-10 പാർട്ട് ബിൽ വർക്ക് ഇൻ പ്രോഗ്രസ്സായി ചേർത്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമനം	പ്രോജക്ടിന്റെ പേര്	പാർട്ട് ബിൽ

		നല്കിയ തുക
1	166/20 പഞ്ചായത്ത് കോംമ്പൗണ്ടിലെ വിവിധ കെട്ടിടങ്ങളിലെ കിണർ റീചാർജ്ജ്	197659
2	173/20 പഞ്ചായത്ത് ഓഫീസ് ഒന്നാം നില പൂർത്തീകരണം കെട്ടിട നവീകരണം	1086001
3	36/20 പകൽ വീട് നിർമ്മാണം രണ്ടാം ഘട്ടം	236737
4	86/20 ആറ്റൂർ സെന്ററിൽ കാന നിർമ്മാണം	22882
5	133/20 LSGDഎഞ്ചിനീയർ ഓഫീസ് നവീകരണം അനുബന്ധ ഉപകരണങ്ങൾ	43950
6	289/20 വയോജന പാർക്ക്	5,00,000
ആകെ		20,87,229

എന്നാൽ 31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B11(a) പ്രകാരം പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ യാതൊരു തുകയും ചേർത്തിട്ടില്ലാത്താണ്.

1-11 വാർഷികകണക്കുകളുടെ സമർപ്പണം - പൊതു അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.
1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-12 വാടക ബൈലോ അംഗീകാരം വാങ്ങിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ/കല്ല്യാണമണ്ഡപം വാടക വരവ് ഇനത്തിൽ 16,28,400 രൂപ വരവുണ്ട്. കമ്മ്യൂണിറ്റിഹാൾ വാടകരജിസ്റ്റർ പ്രകാരം വാടകയായി 11,800 രൂപയും 18% ജി.എസ്.ടി യും ആണ് ഈടാക്കി വരുന്നത്. ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ/കല്ല്യാണമണ്ഡപം സംബന്ധിച്ച് നാളിത് വരെയും ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള 14 കടമുറികൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ 2019-20 വർഷം ആകെ168779 രൂപ വരവുണ്ട്. കടമുറികളുടെ വാടകസംബന്ധിച്ച് ബൈലോയും തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/3.3.2021) കമ്മ്യൂണിറ്റി ഹാൾ സംബന്ധിച്ച് കരട് ബൈലോ, കടമുറികൾ സംബന്ധിച്ച കരട് ബൈലോ എന്നിവ 16.2.2021 തിയതിയിലെ ഭരണസമിതി യോഗം അംഗീകരിച്ചിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഗ്രാമ പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്.

1-13 ആംബുലൻസ് വാടക കുറവ് അടവാക്കി

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ആംബുലൻസിന്റെ വാടക, രസീതി ഉപയോഗിച്ച് പിരിച്ച് ഗ്രാമപഞ്ചായത്തിൽ അടവാക്കിയപ്പോൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക കുറവായി അടവാക്കിയിരിക്കുന്നു.

രസീതി ബുക്ക്	രസീതികൾ/തിയതി	പിരിച്ചതുക	അടവാക്കിയത്/രസീതി	കുറവ്
നം.2	61-64 (1.12.20 To 3.12.20)	26 00	2500 (1200100991/12.1.2021)	100
നം.2	65-69 (8.12.20 To 27.12.20)	3900	3600(12001011001/12.1.2021)	300

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/25.2.2021) ഗ്രാമപഞ്ചായത്ത് മറുപടി

ലഭ്യമാക്കിയിട്ടില്ല. കുറവായി അടവാക്കിയ മേൽ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

1. 2019-20 സാമ്പത്തിക വർഷത്തെക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ള കൂടുതൽ ജീവനക്കാർ പ്രവർത്തി എടുക്കുന്ന ചുവടെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	ലൈസൻസ് അപേക്ഷ പ്രകാരം തൊഴിലാളികളുടെ എണ്ണം
1	കെ&വി മെറ്റൽ ക്രഷിംഗ് ഇൻഡസ്ട്രീസ്	9
2	മദീന ഹോട്ടൽ, മുള്ളൂർക്കര	3
3	ഫുഡ് വില്ല, വാഴക്കോട്, അകമല	5
4	പട്ട്യാത്ത് റോയൽറ്റിമാർട്ട് പ്രൈ.ലി. മണലിത്ര	5
5	അള്ളന്നൂർഗോൾഡ് &ഡയമണ്ട്സ് , ആറ്റൂർ	4
6	സെയിന്റ് മാർബിൾ, ഗ്രാനൈറ്റ് വിൽപ്പന	4
7	സ്മാർട്ട്പ്രിന്റേഴ്സ് കാഞ്ഞിരശ്ശേരി	9

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/2.3.2021) ക്രമ നമ്പർ 5 ൽ സൂചിപ്പിച്ച സ്ഥാപനം 2019-20 മുതൽ പ്രവർത്തിക്കുന്നില്ല എന്നും മറ്റ് 6 സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് വേണ്ടി നടപടികൾ കൈ കൊള്ളുന്നതാണ് എന്നും ഗ്രാമ പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2019-20 വർഷം മരാമത്ത് പ്രവർത്തികൾ നിർവഹിച്ച ചുവടെ ചേർക്കുന്ന കോൺട്രാക്ടർമാരിൽ നിന്നും 2019-20 ഒന്ന് രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

1.പ്രദീപ് കുമാർ

2.ശ്രീജിത്ത്

3.മുഹമ്മദാലി എം.എം

4.സുലൈമാൻ എ.എം

5.അബ്ദുൽ അസീസ്

6.എ.എം.യൂസുഫ്

7.ബി.പ്രശാന്ത്

8.സുമേഷ്.എം

9.പി.എം.വർഗീസ്

10.അഭിലാശ്.പി.ജോർജ്

11.അലക്സ്.പി.മാത്യു

12.ഷീജോ മോൻ മാത്യു

13.അബ്ദുൽ റഷീദ്.എം.എം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/5.3.2021) ഗ്രാമപഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽനികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതിയുടെ പരിധിയിൽ വരുന്ന മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും എന്റർപ്രണേർഷിപ്പ് പ്രവർത്തികൾക്കും മറ്റ് സേവനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് - അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും എന്റർപ്രണേർഷിപ്പ് പ്രവർത്തികൾക്കും മറ്റ് സേവനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെചേർക്കുന്നു.

1. 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി(കച്ചവടക്കാർ) എന്നിവ ഈടാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും എന്റർപ്രണേർഷിപ്പ് പ്രവർത്തികൾക്കും മറ്റ് സേവനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ്) ചട്ടങ്ങൾ അനുസരിച്ചുള്ള വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കൃത്യമാക്കിയിട്ടില്ല. ഓരോ വാർഡിലേയും വാണിജ്യ വ്യവസായസ്ഥാപനങ്ങളുടെ ലിസ്റ്റ് ആധികാരികമായി തയ്യാറാക്കുകയും ഓരോ വർഷവും പുതുതായി തുടങ്ങുകയും പ്രവർത്തനം നിർത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നതിനു പകരം 2019-20 വർഷത്തെക്ക് ലൈസൻസ് എടുത്തിട്ടുള്ള വിവിധ സ്ഥാപനങ്ങൾ വാർഡ് തിരിച്ച്ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിരിക്കുകയാണ് ചെയ്തിട്ടുള്ളത്.

2. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും എന്റർപ്രണേർഷിപ്പ് പ്രവർത്തികൾക്കും മറ്റ് സേവനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ്) ചട്ടങ്ങൾ -പട്ടിക 1 ൽ ഉൾപ്പെട്ട ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണെങ്കിലും പട്ടിക 1 ൽ ഉൾപ്പെട്ട കള്ള് ഷോപ്പുകൾ (ക്രമ നമ്പർ 139), റേഷൻ കടകൾ (ക്രമ നമ്പർ 149) തുടങ്ങിയ സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

3. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ (14 എണ്ണം) കച്ചവടാവശ്യത്തിനായി വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും ഒരു സ്ഥാപനം മാത്രമേ (കെട്ടിടനമ്പർ13/383) ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളൂ.

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/2.3.2021) ഗ്രാമപഞ്ചായത്ത് മറുപടി ലഭയമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-16 ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല

2019-20 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില 97,118/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ഇ-ടെണ്ടറുകൾ ആരംഭിച്ച വർഷം മുതൽ ഇപ്രകാരം പഞ്ചായത്തിന് തുക ലഭിക്കുവാനുണ്ട്. അസി.എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 2018-19 വർഷം 24900/- രൂപയും 2017-18 വർഷം 24664/- രൂപയും ലഭിക്കാനുണ്ട്. ആയതിനാൽ ഇപ്രകാരം ലഭിക്കേണ്ട മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാവുന്നതിന് നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-17 വിമുക്ത ഭടന്മാർക്ക് വസ്തുനികുതി ഒഴിവ് - മുഴുവൻ സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല

26.5.2017 ലെ സർക്കാർ ഉത്തരവ് (കൈ)നം.106/2017 പ്രകാരം വിമുക്ത ഭടന്മാർ/അവരുടെ ഭാര്യ/വിധവ എന്നിവരുടെ യഥാർത്ഥ താമസ ആവശ്യത്തിനായി 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് ഓരോ വർഷവും മാർച്ച് 31 നു മുമ്പ് നിശ്ചിത പ്രൊഫോർമയിലുള്ള സാക്ഷ്യ പത്രം സമർപ്പിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനമെടുത്ത് (9.12.2019ലെ തീരുമാനം നം.3) വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി നൽകിയ ചുവടെ ചേർക്കുന്ന വിമുക്ത ഭടന്മാരുടെ വീടുകൾ സംബന്ധിച്ച് സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

10/391, 8/479, 8/488, 13/672, 8/23, 7/184

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/4.3.2021) ഗ്രാമപഞ്ചായത്ത് മറുപടി

ലഭ്യമാക്കിയിട്ടില്ല. നിശ്ചിത പ്രൊഫോർമയിലുള്ള സാക്ഷ്യ പത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-18 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നത് - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ ഇപ്രകാരം അടവാക്കിയ തുക 1,23,876/- രൂപയാണ്. ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനം എന്ന നിലയിൽ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 സോളാർ പാനൽ സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്ട് - സോളാർ പാനൽ സ്ഥാപിക്കൽ (216/20)
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ - 990000, ചെലവ് - 9,90,000/-

സൗരോർജ്ജം ഉപയോഗിച്ച് സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിന്റെ കല്യാണമണ്ഡപത്തിന് മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതാണ് മേൽപ്പറഞ്ഞ പ്രോജക്ട്. പഞ്ചായത്തിന്റെയും കല്യാണമണ്ഡപത്തിന്റെയും ഉപയോഗശേഷം അധികമായി ലഭിക്കുന്ന വൈദ്യുതി KSEB യ്ക്ക് നൽകുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. 2018-19 വർഷം നടപ്പാക്കിയ പ്രോജക്ട് 9,90,000/- രൂപയ്ക്ക് ആൾട്ടർനേറ്റ് എനർജി കോർപ്പറേഷൻ, അങ്കമാലി എന്ന സ്ഥാപനത്തിനാണ് ടെണ്ടർ ഉറപ്പിച്ചത്. അനർട്ടിന്റെ നിർദ്ദേശപ്രകാരം 5 KW/KVA 2 സോളാർ പവ്വർ പ്ളാന്റ് സ്ഥാപിക്കുന്നതിന് 12.4.2018 ന് കരാറിൽ ഏർപ്പെട്ടു. 8/2018 ൽ പാനൽ സ്ഥാപിച്ചു. 2018-19 വർഷം 8,00,000/- രൂപയും ബാക്കി 1,90,000/- രൂപ 2019-20 ലും നൽകുകയുണ്ടായി.

കരാർ പ്രകാരം വാറന്റി കാലാവധിയായ 5 വർഷം 6 മാസത്തിലൊരിക്കൽ വീതം സർവ്വീസ് ചെയ്യാൻ വരേണ്ടതും അതിനിടയിൽ എന്തെങ്കിലും അപാകത ഉണ്ടായാൽ വിളിച്ച് അറിയിക്കുന്നപക്ഷം 7 ദിവസത്തിനുള്ളിൽ പ്രശ്നം പരിഹരിക്കേണ്ടതുമാണ്. എന്നാൽ സോളാർ പാനൽ പ്രവർത്തനരഹിതമായത് 18.5.20 തിയതിയിൽ അറിയിച്ചിട്ടും പ്രശ്നം പരിഹരിച്ച് പ്രവർത്തനസജ്ജമായിട്ടില്ല. 6 മാസത്തിലൊരിക്കൽ വീതം സർവ്വീസ് ചെയ്തു തരേണ്ടതാണ് എന്ന കരാർ വ്യവസ്ഥ പാലിക്കുന്നില്ല. നിശ്ചിത ഇടവേളകളിൽ അനെർട്ട് പരിശോധനയ്ക്ക് എത്തുന്നില്ല.

അനെർട്ട് മുഖാന്തരം ലഭിക്കേണ്ട, ഒരു കിലോവാട്ടിന് 40,500/- വീതം 5 KW/KVA ന്റെ സബ്സിഡി തുക 2,02,500/- രൂപ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. തുക ലഭിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻകയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉപയോഗശേഷം അധികമായി ലഭിക്കുന്ന വൈദ്യുതി KSEB യ്ക്ക് നൽകുന്നതിനാണ് (ഓൺ ലൈൻ ഗ്രിഡ്) പ്രോജക്ട് വിഭാവനം ചെയ്തത് എങ്കിലും നിലവിൽ ഓഫ് ലൈൻ ഗ്രിഡ് പദ്ധതി ആയാണ് സോളാർ പാനൽ സ്ഥാപിച്ചത് എന്ന് കാണുന്നു. ഇപ്രകാരം, വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കുന്നതിന് എന്തെങ്കിലും കാരണം ഉണ്ടായിരുന്നുവോ ? വ്യത്യാസത്തിന് സാധൂകരണം ലഭ്യമാക്കിയിട്ടുണ്ടോ ?

പാനൽ സ്ഥാപിച്ചതിന് ശേഷം കറന്റ് ചാർജിൽ കാര്യമായ വ്യത്യാസം വന്നിട്ടില്ല. 2 സോളാർ പവ്വർ പ്ളാന്റിൽ ഒന്ന് മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കല്യാണമണ്ഡപത്തിൽ സോളാർ പവ്വർ പ്ളാന്റ് സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തത് എങ്കിലും നിലവിൽ പ്ലാന്റിൽ നിന്നുമുള്ള കണക്ഷൻ കല്യാണമണ്ഡപത്തിൽ സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിന് മാത്രമാണ് കണക്ഷൻ നൽകിയിട്ടുള്ളത്. ആയതിനാൽ പകൽസമയം മുഴുവനായും സോളാർ പവ്വർ പ്ളാന്റിൽ നിന്നുമുള്ള കറന്റ് ഉപയോഗിക്കാൻ പറ്റുന്ന വിധത്തിൽ പ്ളാന്റിനെ മാറ്റേണ്ടതും പ്ലാന്റിൽ നിന്നുമുള്ള കണക്ഷൻ കല്യാണമണ്ഡപത്തിലും പഞ്ചായത്ത് ഓഫീസിലും ലഭിക്കത്തക്ക വിധത്തിൽ രണ്ട് പവ്വർ പ്ളാന്റുകളും ഉപയോഗക്ഷമമാക്കി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സൗര വൈദ്യുതോല്പാദന നിലയത്തിന്റെ പ്രവർത്തന ക്ഷമതയുടെ വിവരങ്ങൾ നിശ്ചിത ഇടവേളകളിൽ അനെർട്ടിനെ അറിയിക്കുന്നതിന് ഒരാളെ ചുമതലപ്പെടുത്തുകയും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻകയറി നം.6/26.2.21)

1-20 അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷപെൻഷൻ തിരികെ ഈടാക്കേണ്ടതാണ്

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സാമൂഹ്യസുരക്ഷപെൻഷൻ ഗുണഭോക്താവായ മണികണ്ഠൻ ശങ്കരൻ, കുന്നത്ത് വീട്ടിൽ, ഇരുനിലംകോട് എന്നയാൾ സർക്കാർ ജീവനക്കാരനാണന്ന് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, അയാൾ സർക്കാർജോലിയിൽ പ്രവേശിച്ച തിയതിയായ 3/2005

മുതൽ 7/2019 വരെ വാങ്ങിയ പെൻഷൻ തുക99,440/- രൂപ നിയമാനുസൃതം തിരിച്ചു പിടിക്കുന്നതിന് 6.2.20 ലെ 16(1) ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ടിയാൻ 3.3.2005 മുതൽ വരവൂർ ഗവ.ഹൈസ്കൂളിൽ അധ്യാപകനായി ജോലി ചെയ്തു വരുന്നു. ധനകാര്യ വകുപ്പിന്റെ 23.1.20 ലെ 7/2020 നംപർ സർക്കുലർ പ്രകാരം സർക്കാർ ജീവനക്കാർ, സർവീസ് പെൻഷണർ, കുടുംബ പെൻഷണർ എന്നിവർ അനർഹമായി ക്ഷേമ പെൻഷൻ കൈപ്പറ്റുന്നുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ് എന്ന് നിർദേശം ഉള്ളതാണ്.

എന്നാൽ നാളിതുവരെ തുക തിരികെ അടവാക്കിയിട്ടില്ല. അനർഹമായി കൈപ്പറ്റിയ തുക സ്വമേധയാ തിരിച്ചടവാക്കാത്തപക്ഷം അവർ തിരിച്ചടയ്ക്കേണ്ടുന്ന തുക സംബന്ധിച്ച വിവരം ബന്ധപ്പെട്ട വകുപ്പ് തലവനെ അറിയിക്കേണ്ടതും ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേയ്ക്ക് തിരിച്ചടവാക്കേണ്ടതുമാണ്. തിരികെ ഈടാക്കിയ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നംപർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടവാക്കേണ്ടതും തുക സംബന്ധിച്ച വിവരങ്ങൾ ധനകാര്യ SFCB വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ് എന്ന് സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദവിവരം ലഭ്യമാക്കി മറുപടി നൽകേണ്ടതുമാണ്.

1-21 വനിത തൊഴിൽ പരിശീലന കേന്ദ്രം - പ്രവർത്തനം ആരംഭിച്ചില്ല

പ്രൊജക്ട് നംപർ-277/20 -വനിത തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ നിർവ്വഹണം – സെക്രട്ടറി
ചെലവ് -19,700/- വൗച്ചർ നംപർ -21901269/31.03.2020

മേൽ പ്രൊജക്ട് പ്രകാരം 200000/- വകയിരുത്തി 19,700/- ചെലവഴിച്ചിട്ടുണ്ട്. നിയമ പ്രകാരമുള്ള ടെണ്ടറിനനുസൃതമായി തുളസി ഫർണീച്ചർ, അകമലയിൽ നിന്നും ഇൻവോയ്സ് നംപർ .ഡി/899 തിയതി.16.03.2020 പ്രകാരം 19700/-രൂപക്ക് തേക്ക് കൊണ്ട് നിർമ്മിച്ച പ്രസംഗപീഠം ഒരു എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തനം നാളിതു വരെ തുടങ്ങിയിട്ടില്ല. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻകയറി നം.13/03.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചില്ല എന്നാണ് അറിയിച്ചത്. കോവിഡ് മാനദണ്ഡങ്ങളിൽ ഇളവുവരുത്തി സർക്കാർ നിർദ്ദേശം ഉണ്ടാകുന്ന മുറയ്ക്ക് പരിശീലനം കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-22 ദിവസവേതനം/താത്ക്കാലിക നിയമനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ദിവസവേതനം/താത്ക്കാലിക നിയമനങ്ങൾ 05.02.14ലെ 'ലേബർ ആന്റ്റീഹാബിലിറ്റേഷൻ (ജി) ഡിപ്പാർട്ട്മെന്റ്' സർക്കുലർനം.25941/G2/2013/LBR, പ്രകാരം പി.എസ്.സി.നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേയ്ക്കുമുള്ള നിയമനങ്ങൾ, എംപ്ലോയ്മെന്റ് എക്സചെയ്ഞ്ച് മുഖേനെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ ഹോമിയോ ഡിസ്പെൻസറി അറ്റന്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ജീപ്പ് ഡ്രൈവർ എന്നീ തസ്തികകളിൽ ഓഡിറ്റു വർഷക്കാലം മുഴുവനും നിയമിച്ച് വേതനം വിതരണം ചെയ്തിട്ടിള്ളതുമാണ്. 26.02.2016ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.28/2016/ധന. പ്രകാരം താല്ക്കാലിക നിയമനങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിയമനങ്ങളിൽ, സർക്കാർ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകയറി നം.16/4.03.21ന് മറുപടി ലഭ്യമാക്കിയിട്ടില്ല. താല്ക്കാലിക നിയമനങ്ങളിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിന് ശ്രദ്ധക്കേണ്ടതാണ്.

1-23 കരാർ ലംഘനം - പഞ്ചായത്തിനുണ്ടായ നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല

75 ആം നംപർ അംഗൻവാടി കെട്ടിടം വയറിംഗ് എന്ന പ്രോജക്ട് നടത്തുന്നതിന് കരാറിൽ ഏർപ്പെട്ട ആൽവിൻ ജോൺ എന്ന കരാറുകാരൻ പ്രവർത്തി നടത്താത്തതിനാൽ കരാർ റദ്ദാക്കി പുതിയ ക്വട്ടേഷൻ ക്ഷണിച്ച് മറ്റൊരാളെ ഏൽപ്പിച്ച് പ്രവർത്തി പൂർത്തീകരിക്കുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം കരാർ ലംഘനമുണ്ടായാൽ കരാറുകാരന് നോട്ടീസ് നൽകി കരാർ റദ്ദാക്കുവാനും പഞ്ചായത്തിനുണ്ടാവുന്ന നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കാനും വ്യവസ്ഥയുണ്ട്. ആയതിനാൽ ഇപ്രകാരം ഉണ്ടായ നഷ്ടം ഈടാക്കുന്നതിന് ടിയാന്റെ ഡെപ്പോസിറ്റ് തുകയായ 4000/- രൂപ തനതുഫണ്ടിലേക്ക് നിയമാനുസൃതം വകയിരുത്തുന്നതിന് 20.11.19 ലെ 15(1) ആയി തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക തനതുഫണ്ടിലേക്ക് നിയമാനുസൃതം വകയിരുത്തിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻകയറി നം.2/24.2.21)

1-24 സ്മാർട്ട് ക്ളാസ് റൂം ആറ്റൂർ സ്കൂൾ - പാഴ്ചെലവ് 3.99 ലക്ഷം

പ്രോജക്ട് – സ്മാർട്ട് ക്ളാസ് റൂം ആറ്റൂർ സ്കൂൾ
പദ്ധതി നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം - 233/20
അടങ്കൽ - 400000
ചെലവ് - 3,99,372/- ബിൽ നമ്പർ 33/19-20, 5.9.19
അളവുപുസ്തകം - 202/17-18
കരാറുകാരൻ - കെ.കെ.സന്തോഷ്കുമാർ
കരാർ - 26/18-19, 14.9.18

സർക്കാർ സ്കൂൾ ഹൈടെക്ക് ആക്കി മാറ്റുന്നതിന്റെ ഭാഗമായി 2019-20 വർഷത്തിൽ ആറ്റൂർ സർക്കാർ യു.പി.സ്കൂളിലെ രണ്ട് മുറികൾ സ്മാർട്ട് ക്ളാസ് റൂമുകൾ ആക്കി മാറ്റുകയുണ്ടായി. അലുമിനിയം സെക്ഷൻസ് ഉപയോഗിച്ച് സീലിംഗ്, ശിശുസൗഹൃദ പെയിന്റിംഗ്, വെർട്ടിഫൈഡ് ടൈൽ എന്നിങ്ങനെ 3,99,372/- രൂപയുടെ നവീകരണപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കിയപ്പോഴൊന്നും കെട്ടിടത്തിന്റെ പഴക്കം സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥൻ യാതൊരു അഭിപ്രായവും രേഖപ്പെടുത്തി കാണുന്നില്ല.

വർഷങ്ങൾ പഴക്കമുള്ള സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിന്റെ ഭാഗമായി 3.11.2020 ലെ സർക്കാർ ഉത്തരവ് ജി.ഒ.ആർ.ടി.നം.2950/2020/GEDN പ്രകാരം ഫണ്ട് അനുവദിക്കുകയും ആറ്റൂർ സ്കൂളിൽ പുതിയകെട്ടിടം പണിയുന്നതിന് ഓഫീസിനോട് ചേർന്നുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റി ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനായി സ്കൂൾ പ്രധാന അദ്ധ്യാപിക സമർപ്പിച്ച അപേക്ഷ ഭരണസമിതി ചർച്ച ചെയ്ത് 14.1.21ലെ 10(1) തീരുമാനപ്രകാരം കെട്ടിടത്തിന്റെ വാല്യുവേഷൻ എടുക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുമുണ്ടായി.

അസി.എഞ്ചിനീയർ സമർപ്പിച്ച വാല്യുവേഷനിൽ പറയുന്നത്, PWD മാനവൽ അനുസരിച്ച് ടൈപ്പ് സി കാറ്റഗറിയിൽ ഉൾപ്പെട്ട ഈ കെട്ടിടത്തിന്റെ പഴക്കം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭിച്ച സാക്ഷ്യപത്രം പ്രകാരം 60 വർഷത്തിൽ കൂടുതൽ ഉണ്ടെന്നാണ്. ആയതനുസരിച്ചുള്ള Depreciation Constant 0.2976 ആണ്. ടി നിരക്കനുസരിച്ചാണ് അസി.എഞ്ചിനീയർ വാല്യുവേഷൻ തയ്യാറാക്കിയിട്ടുള്ളത്. പ്രധാന അദ്ധ്യാപിക സമർപ്പിച്ച 22.1.21 ലെ ഡി/231/20-21 നം. കത്തിൽ പറയുന്നത് പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയതു പണിയുന്നതിനായി അപേക്ഷയും പ്ളാനും സമർപ്പിച്ചിരുന്നു എന്നാണ്. എന്നാൽ എന്നാണ് ഇപ്രകാരം അപേക്ഷയും പ്ളാനും സമർപ്പിച്ചിരുന്നത് എന്ന വ്യക്തമല്ല. എന്നിരുന്നാലും 23.2.21 ൽ സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചുമാറ്റുന്നതിനുള്ള ലേലം നടക്കുകയും 2,21,700/- രൂപയ്ക്ക് ലേലം ഉറപ്പിക്കുകയുമുണ്ടായി.

സ്കൂൾകെട്ടിടത്തിൽ പൊളിച്ച് കളയേണ്ടതല്ലാത്ത ടെറസ് ക്ളാസ് മുറികൾ വേറെ ഉണ്ടായിട്ടും അവിടെ സ്മാർട്ട് ക്ളാസ് റൂം ഒരുക്കുന്നതിനോ പുതിയക്ളാസ് മുറികൾ പണിയുന്നതിനോ നിർവഹണ ഉദ്യോഗസ്ഥൻ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല. 60 വർഷത്തിൽ കൂടുതൽ പഴക്കമുണ്ടെന്ന് അവകാശപ്പെടുന്ന പൊളിച്ചു നീക്കാറായ പഴയ സ്കൂൾ കെട്ടിടത്തിലാണ് സ്മാർട്ട് ക്ളാസ് റൂം പണിതിരിക്കുന്നത് എന്നത് നിർവഹണോദ്യോഗസ്ഥന്റെ നിരുത്തരവാദപരമായ പ്രവൃത്തിയായാണ് കാണുന്നത്. പ്രവൃത്തി പൂർത്തിയാക്കി 2 വർഷം പോലും ആവുന്നതിന് മുമ്പ് പൊളിച്ചു നീക്കുന്നതിനായി നിർവഹണോദ്യോഗസ്ഥൻ തന്നെ സാക്ഷ്യപത്രം നൽകിയിരിക്കുന്നു. പ്രോജക്ട് ആസൂത്രണഘട്ടത്തിൽ തന്നെ ഇത്രയും പഴക്കമുള്ള കെട്ടിടഭാഗം സ്മാർട്ട് സ്കൂളിന് വേണ്ടി തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

1-25 ഫ്ളാറ്റ് പൂർണ്ണമായും കൈമാറ്റം നടത്തിയിട്ടില്ല

ആറ്റൂർ വില്ലേജിലെ 197/8 ാംസർവ്വെ നമ്പറിൽപ്പെട്ട 18 സെന്റ് സ്ഥലം പട്ടികജാതി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ജില്ലാപഞ്ചായത്തിന് കൈമാറുകയും തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ആശ്രയഭവനപദ്ധതി പ്രകാരം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള 11 ഭവനങ്ങളടങ്ങിയ ഫ്ലാറ്റിന്റെ താക്കോൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും മുള്ളൂർക്കര പഞ്ചായത്ത് സെക്രട്ടറി കൈപ്പറ്റിയതായും കാണുന്നു. എന്നാൽ നാളിതുവരെയായിട്ടും പ്രസ്തുത ഫ്ലാറ്റുകൾ മുഴുവനും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല എന്ന് 7.6.19 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5(1) തീരുമാനത്തിൽ കാണുന്നു. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ 9 പേർക്ക് കരാർ വെച്ച് നിയമപ്രകാരം ഫ്ലാറ്റുകൾ കൈമാറിയതായി കാണുന്നു. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ബാക്കി ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ കൈമാറാത്തതിന് കാരണം വ്യക്തമാക്കി ഫയലിൽ രേഖപ്പെടുത്തൽ നയത്തിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത രാധാ ലക്ഷ്മണൻ, രേഷ്മ പട്ടന്മാർകുണ്ടിൽ എന്നീ രണ്ട് പേരെ കമ്മിറ്റി പ്രത്യേക തീരുമാനമെടുത്ത് ഫ്ളാറ്റ് അനുവദിച്ചിട്ടുണ്ട് എങ്കിലും അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടില്ല. ബാക്കി 2 ഗുണഭോക്താക്കളെ കൂടി കണ്ടെത്തി ഫ്ളാറ്റ് വിതരണം നടത്തിയാൽ മാത്രമേ പ്രോജക്ട് ലക്ഷ്യം കൈവരിച്ചു എന്ന് പറയാനാവൂ. അതിനാൽ അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി ഫ്ളാറ്റ് വിതരണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് - പൂർത്തീകരണത്തിന് വർഷങ്ങളുടെ കാലതാമസം

തെരുവുവിളക്കുകൾക്ക് ടൈമർസ്വിച്ചും മീറ്ററും സ്ഥാപിക്കൽ പ്രോജക്ട് നാളിതുവരെ ലക്ഷ്യം കൈവരിക്കാത്തതിനാൽ KSEB യ്ക്ക് കത്ത് നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതി 29.7.19 ലെ 6(3) നമ്പരായി തീരുമാനം എടുത്തിരുന്നു. ഇതിന്റെ തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടിയായി നാളിതുവരെ സ്ഥാപിച്ചിട്ടില്ല എന്നാണ് ലഭ്യമായ വിവരം. വൗച്ചർ നം.21201399/30.3.13 പ്രകാരം 1,53,700/- രൂപ KSEB യിൽ ടൈമർസ്വിച്ചും മീറ്ററും സ്ഥാപിക്കുന്നതിന് അടച്ചിട്ടുള്ളതാണ്. (2014-15ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4-2) എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അതുപോലെ 2016-17, 2017-18, 2018-19 വർഷങ്ങളിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകൾ പ്രവൃത്തി പൂർത്തീകരിക്കാതെ നീക്കിയിരിപ്പുള്ളതായി കാണുന്നു. അതിനാൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

(ഓഡിറ്റ് എൻകൃയറി നം.2/24.2.21)

1-27 പാള പ്ലേറ്റ്, പേപ്പർ പ്ലേറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള മെഷിനറികൾ ഏറ്റെടുത്ത് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല

2007-08 വർഷത്തിൽ വാങ്ങിയ പാള പ്ലേറ്റ്, പേപ്പർ പ്ലേറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള മെഷിനുകൾ സൗഭാഗ്യ കുടുംബശ്രീയിൽ നിന്നും തിരികെ കൈപ്പറ്റുന്നത് സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് 13-10-2014 ലെ 4(5)-ാം നമ്പറായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ മെഷിനറികൾ ഉപയോഗിക്കാതെ ഇരിക്കുന്നതായും 2009 മുതൽ മെഷിനുകൾ ഇവിടെ ഇരിക്കുന്നുണ്ടെന്ന് വീട്ടുകാർ അറിച്ചതായും 2014-15 റിപ്പോർട്ടിൽ (ഖണ്ഡിക3-2) പറയുന്നു.

തുടർന്ന് 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ സ്പെയർ പാർട്സ് ലഭിക്കാത്തതിനാൽ നന്നാക്കുന്നതിന് സാധ്യമല്ല എന്നും ലേലം ചെയ്തു വിൽക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി 29.7.19 ൽ 4(3) ആയി, തീരുമാനം എടുത്തിട്ടുണ്ട്. ഇതേതുടർന്ന് നൽകിയ എൻകൃയറിയ്ക്ക് മറുപടിയായി മെഷിനറികൾ ഏറ്റെടുത്ത് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് വി.ഇ.ഒ.യ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ഇതിൽ നിന്നും നാളിതുവരെയായി മെഷിനറികൾ ഏറ്റെടുത്ത് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല എന്നാണ് മനസിലാകുന്നത്. മെഷിനുകൾ തിരികെ കൈപ്പറ്റുന്നത് സംബന്ധിച്ച 13-10-2014 ലെ 4(5)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും 29.7.19 ലെ 4(3) തീരുമാനവും നടപ്പിലാക്കിയിട്ടില്ല.

(ഓഡിറ്റ് എൻകൃയറി നം.2/24.2.21)

1-28 വിവിധ നിർമ്മാണ പ്രവൃത്തികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല

മുൻ വർഷങ്ങളിൽ ആരംഭിച്ച് 2019-20 ൽ സ്പിൽഓവറായി വരുന്ന ഏതാനും പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു. നിർമ്മാണങ്ങൾ മുഴുവനായി പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.

ക്രമ നം.	പ്രോജക്ട്	2019-20 വർഷത്തെ ചെലവ്	മുൻ വർഷങ്ങളിൽ ഉൾപ്പെടെ നാളിതുവരെയുള്ള ആകെ ചെലവ്	പ്രോജക്ട് വിശദാംശങ്ങൾ
1	പകൽവീട് നിർമ്മാണം രണ്ടാം ഘട്ടം (36/20)	2,36,737 71,755 ആകെ-3,08,492	6,46,708	2016-17 ൽ (17.3.17) ടെണ്ടർ വിളിച്ച് സാങ്കേതികാനുമതി ലഭിച്ചു. 18.12.2018 ൽ കരാറിൽ ഏർപ്പെട്ടു. (കരാർ നം77/18-19) 2019-20 ൽ സീലിംഗ്, പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, വാതിൽ, ജനൽ, ടോയ് ലറ്റ് അനുബന്ധപ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി എങ്കിലും ഇപ്പോഴും ടോയ് ലറ്റ്

				അനുബന്ധപ്രവൃത്തികൾ, പൈപ്പ് കണക്ഷൻ എന്നിവ പൂർത്തീകരിച്ചിട്ടില്ല.
2	കുടുംബശ്രീ കാന്റീൻ കെട്ടിടനിർമ്മാണം (176/20)	300000	644364	പ്രവർത്തന ക്ഷമമായിട്ടില്ല. ഇലക്ട്രിക്കൽ വർക്കുകൾ അവശേഷിക്കുന്നു. കാന്റീനിലേക്ക് വാങ്ങിയ ഫർണിച്ചറുകൾ പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
3	എയറോബിക്ക് കംമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ (175/20)	1,92,500	6,70,000	2017-18 ൽ ആരംഭിച്ച് 14.2.18 ന് കരാറിൽ ഏർപ്പട്ടു.രേഖകൾ പ്രകാരം 1.2.19 ന് പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.
4	നിലവിലുള്ള അംഗൻവാടി കെട്ടിടം ബഡ്സ് സ്കൂൾ ആക്കി പുനരുദ്ധാരണം (226/20, 308/20)	3,99,987	3,99,987	നിലവിലുള്ള അംഗൻവാടി കെട്ടിടം ബഡ്സ് സ്കൂൾ ആക്കി മാറ്റുന്നതിന് ടൈൽ വിരിക്കൽ, റാമ്പ്, ശിശു സൗഹൃദ പെയിന്റംഗ് തുടങ്ങിയ പ്രവൃത്തികൾ നടത്തി തുക ചെലവഴിച്ചു കഴിഞ്ഞു. എന്നാൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് തുടർ നടപടികൾ എന്നും സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-29 ആസ്തി രജിസ്റ്റർ കാലികമാക്കി പരിഷ്കരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട സ്ഥലത്ത് തന്നെയാണോ നടപ്പാക്കുന്നതെന്ന് ഉറപ്പ് വരുത്താൻ കഴിയുന്നില്ല. പ്രൊജക്ട് രൂപീകരണ ഫോറം 2 ൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന ആസ്തിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് 20.2, 32, 35, 36 എന്നീ ഖണ്ഡികകളിൽ വിശദമാക്കേണ്ടതുണ്ട്. എന്നാൽ പ്രൊജക്ട് രൂപീകരണ ഫോറങ്ങളിൽ മേൽ വിവരങ്ങൾ കൃത്യമായി നൽകുന്നില്ല. ഖണ്ഡിക 36 ൽ നിലവിലുള്ള ആസ്തിയുടെ യുണീക് നമ്പർ ചേർക്കേണ്ടതുണ്ട്. എന്നാൽ എല്ലാ പ്രോജക്ടുകളിലും യുണീക് നമ്പർ ചേർക്കാതെയാണ് അംഗീകരിച്ചിരിക്കുന്നത്. മേൽ അപാകത കാരണം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി നടത്തിയതെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

അതുപോലെ തന്നെ പല ആസ്തികളും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല. കൂടാതെ ആസ്തി രജിസ്റ്റർ കാലികമാക്കി പരിഷ്കരിച്ചിട്ടല്ല. നാളിതുവരെ ആർജ്ജിച്ച എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് ഡി.ഡി.പി.യുടെ നിർദ്ദേശം ഉള്ളതും അതനുസരിച്ച് പഞ്ചായത്ത് ഭരണസമിതി 27.9.19 ൽ 4(1) ആയി തീരുമാനം എടുത്തിട്ടുള്ളതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അക്കാര്യം അറിയിക്കേണ്ടതുമാണ്.

1-30 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ദനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

29.7.19 തിയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി (തീരുമാനം നം.2(3)) ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതു വരെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. നിധിയിലേക്ക് തുക സമാഹരിക്കുന്നതിനും നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കാത്തതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് ധനസഹായം ലഭ്യമാക്കി വരുന്നത്. ദുരിതാശ്വാസ നിധി രൂപീകരിച്ച് നല്ല രീതിയിൽ പരിപാലിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

1-31 സ്റ്റോക്ക് രജിസ്റ്റർ നിയമാനുസൃതം പരിപാലിക്കേണ്ടതാണ്

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം (185/20,202/20) പഞ്ചായത്ത് ഓഫീസിലേക്ക് കോൺഫറൻസ് ടേബിൾ- 2എണ്ണം, ലോങ്ങ്ടേബിൾ -3എണ്ണം, എക്സിക്യൂട്ടീവ് കസേര -3എണ്ണം, കസേര (തേക്ക്) -14എണ്ണം എന്നിവ വാങ്ങിയതിന് 5,47,200/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. പൊതുവായ സ്റ്റോക്ക് രജിസ്റ്ററിലാണ് എഴുതിയിട്ടുള്ളത്. കെ.എഫ്.സി .വോള്യം 1 ആർട്ടിക്കിൾ 150 പ്രകാരം താഴെ പറയുന്നവക്ക് പ്രത്യേകസ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

1.അസംസ്കൃത വസ്തുക്കൾക്കും, വില കുറഞ്ഞ സ്റ്റോറുകൾക്കും,

2.ഓഫീസ് ഫർണീച്ചറുകൾക്കും,സ്റ്റോറുകൾക്കും,

3.പുസ്തകങ്ങൾ,ഫോറങ്ങൾ,സ്റ്റേഷനറി എന്നിവക്ക്.

മേൽ വിവരിച്ച പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-32 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച 131 മരാമത്ത് പ്രവൃത്തികളിൽ 66 എണ്ണമാണ് നടപ്പാക്കിയത്. ബാക്കി 65 എണ്ണം ഓഡിറ്റ് വർഷം ചെലവ് ഇല്ലാത്തതാണ്. ആകെ 49 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. ഇതിൽ 7 പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. ഓഡിറ്റ് വർഷം വകയിരുത്തിയ ആകെ തുക 4,02,80,152 രൂപയാണ്. ഇതിൽ 15731420 രൂപ മാത്രമാണ് ചെലവഴിച്ചത്. ആകെ ചെലവ് 39% മാത്രം.

ടെണ്ടർ ചെയ്ത 57 പ്രവൃത്തികളിൽ 47 എണ്ണത്തിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഇ ടെണ്ടർ ചെയ്ത 17 പ്രവൃത്തികളിലും മേൽപ്പറഞ്ഞ രീതിയിൽ രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും കോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോജിത ഇടപെടൽ നടത്തേണ്ടതും ജാഗ്രത പുലർത്തേണ്ടതുമാണ്.

1-33 ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 7079/- രൂപ നഷ്ടം

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ ടെണ്ടർ കുറവ് രേഖപ്പെടുത്തിയത് ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. ഇതു മൂലം 7079 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടുകളുടെ വിവരം	മൂല്യനിർണ്ണയ വിവരം	കുറവ് വന്ന തുക

	പ്രോജക്ട് - കണ്ണംപാറ അംഗൻവാടി അറ്റകുറ്റപണികൾ (220/20) അടങ്കൽ - 150000 ചെലവ് - 141589/- , ബിൽനം.17/19-20, 26.6.19 കരാർനം,തിയതി - 54/AE/LSGD /PZR/18-19,29.9.2018 MB-171/18-19 135/18-19 കരാറുകാരൻ - സന്തോഷ്കുമാർ ടെണ്ടർ നിരക്ക് -5% കുറവ്	മൂല്യനിർണ്ണയതുക -141589/- പരിമിതപ്പടുത്തിയത് -141589/- കിഴിവുകൾ IT-1416 KCWWF-1416 CGST-0 SGST-0 ആകെ-2832 കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയ തുക -138757	ടെണ്ടർ കുറവ് 5% -7079
	ആകെ തുക		7,079/-

ആയതിനാൽ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-34 ജി.എസ്.ടി.കോംപൻസേഷൻ നൽകിയത് -കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി ചേർത്ത തുക കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ബില്ലിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ഇപ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ നൽകുമ്പോൾ കരാറുകാരൻ ജി.എസ്.ടി. സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് , പ്രൊജക്ട് നം.	കരാറുകാരൻ, കരാർ നമ്പർ	അളവ് പുസ്തകം	ചെലവഴിച്ച തുക	ജി.എസ്.ടി. നൽകിയ തുക
കല്യാണമണ്ഡപത്തിൽ കുടിവെള്ള ടാങ്ക്, പൈപ്പ് (151/20)	അബ്ദുൾ അസീസ് 37/19-20,18.11.19	347/18-19	145567 13.3.20, 9.3.20	15596
കഴുങ്കിൽപടി പാലത്തിനു റാമ്പ്, പാർശ്വഭിത്തി (128/20)	കെ.കെ.സന്തോഷ്കുമാർ 45/19-20,18.11.19	451/18-19	145021 52/19-20, 30.1.20	15537
ഇരുനിലംകോട് ഗ്രൗണ്ട് റോഡ് സൈഡ്കെട്ട് (160/20)	കെ.എൻ.ഹരിദാസ് 47/19-20,.11.19	458/18-19	196633 53/19-20, 30.1.20	21067
കൊടക്കാടത്ത് റോഡ് കാനസൈഡ്കെട്ടൽ (33/20)	കെ.കെ.സന്തോഷ്കുമാർ 9/19-20,31.10.19	454/18-19	219429 51/19-20, 30.1.20	23510
ആകെ തുക				75,710/-

കരാറുകാരൻ സർക്കാരിലേക്ക് ജി.എസ്.ടി. അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക 75,710/- രൂപ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻകൗയറി നം.20/4.3.20)

1-35 ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ നവീകരണത്തിനും, വിപുലീകരണത്തിനുമായി നടപ്പാക്കിയ പ്രവർത്തി വിവിധ പ്രോജക്ടുകളായി വിഭജിച്ച് നടത്തി

മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ നവീകരണത്തിനും, വിപുലീകരണത്തിനുമായി നടപ്പാക്കിയ പ്രവർത്തി വിവിധ പ്രോജക്ടുകളായി വിഭജിച്ച് നടത്തി. നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ വിവരം

താഴെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	കരാറുകാരൻ	നിർവ്വഹണോദ്യോഗസ്ഥൻ	ഫണ്ടിനം	വൗച്ചർനം	തുക
1	106/20	പഞ്ചായത്ത് ഓഫീസ് മീറ്റിംങ്ങ് ഹാൾ നവീകരണം	അബ്ദുൾഅസീസ്. എം.എച്ച്.	അസി. എഞ്ചിനീയർ LSGD	തനതു ഫണ്ട്	21901024/ 25.02.20	4,94,941
2	173/20	പഞ്ചായത്ത് ഓഫീസ് ഒന്നാം നില പൂർത്തീകരണം കെട്ടിട നവീകരണം	അബ്ദുൾനൗഷാദ്. എം.എച്ച്.		വികസന ഫണ്ട് (ജനറൽ)	21900256 /17.04.19	10,01,791
						21900166/ 17.04.19	84,210
3	234/20	പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം	അബ്ദുൾഅസീസ്. എം.എച്ച്.		തനതു ഫണ്ട്	21900638/29.10.19 ₹17776	461631
					CFC	21900775/29.10.19 ₹443855	
4	252/20	പഞ്ചായത്ത് ബാക്ക് ഓഫീസ് സീലിംഗ് വർക്കുകളും ക്യാബിൻ തിരിക്കലും, മെയിന്റനൻസ് വർക്കും	.അബ്ദുൾനൗഷാദ്. എം.എച്ച്.		തനതു ഫണ്ട്	21901138/ 09.03.20 – ₹3,50,000	3,81,892
						21901195/ 23.03.20 ₹31,892	
5	256/20	പഞ്ചായത്ത് ഓഫീസ് കെട്ടിടം പൂർത്തീകരം	അബ്ദുൾനൗഷാദ്. എം.എച്ച്.		തനതു ഫണ്ട്	21901137/ 09.3.20 ₹1,90,000	2,48,636
						21901139/09.03.20 ₹42000	
						21901196/23.03.20 ₹16636	
6	244/20	EMS ഹാളിലെ അറ്റകുറ്റപണികൾ	കെ.കെ. സന്തോഷ് കുമാർ		മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം	21900266/ 25.06.19	3,48,726
7	285/20	പഞ്ചായത്ത് മീറ്റിംഗ് ഹാൾ നവീകരണം രണ്ടാം ഘട്ടം	അബ്ദുൾനൗഷാദ്. എം.എച്ച്.		തനതു ഫണ്ട്	21900938/ 21.01.20	5,00,000
8	286/20	പഞ്ചായത്ത് ഓഫീസ് പാനലിംഗ് മെന്റനൻസ്	അബ്ദുൾനൗഷാദ്. എം.എച്ച്.		തനതു ഫണ്ട്	21900937/ 21.1.20	5,00,000
9	16/20	പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം വയറിംഗ്, പഴയ കെട്ടിം റീ വയറിംഗ്	അബ്ദുൾറഷീദ്	സെക്രട്ടറി	മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം	21901248/ 20.01.20	3,95,108
10	188/20	പുതിയ കോൺഫ്രൻസ് ഹാൾ വയറിംഗും, പഴയ മീറ്റിംഗ് ഹാളും, വരാന്തയും റീവയറിംഗും	അബ്ദുൾറഷീദ്		തനതു ഫണ്ട്	21900936/ 21.01.20	2,50,000

മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടത്തിന്റെ നവീകരണ, വിപുലീകരണ

പ്രവൃത്തികൾ പത്ത് വിവിധ പ്രോജക്ടുകളായാണ് നിർവ്വഹിച്ചിരിക്കുന്നത്. ഒരേ ഉദ്ദേശ്യത്തോടെയും, പ്രയോജനത്തോടെയുമുള്ള നിർമ്മാണ പ്രവൃത്തി വിവിധ ഭാഗങ്ങളാക്കി നിർവ്വഹിച്ചത്, പദ്ധതി തയ്യാറാക്കൽ മാർഗ്ഗ രേഖ ജി.ഒ(എം.എസ്)നം.11/2018/ത.സ്വ.ഭ.വ തിയ്യതി:29-01-2018 യിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം/പുനരുദ്ധാരണ പ്രവർത്തനം വിവധ പ്രോജക്ടുകളിലായി വിഭജിച്ചു ചെയ്തതതു സംബന്ധിച്ച 2017-18, 2018-19 ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിരുന്നെങ്കിലും അതേ അവസ്ഥ ഓഡിറ്റ് വർഷത്തിലും തുടർന്നു വരുന്നു. ഈ കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-36 10% ഓവർഹെഡ് ചാർജ് അനുവദിക്കുന്നു - സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണ്

PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു**. 2019-20 വർഷത്തിൽ നർവഹിച്ച റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്ററിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്.** 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14 /തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ **PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു**. DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം.14/3.3.21)

1-37 നിർവ്വഹണ ഏജൻസികളിൽ തുക അടവാക്കിയതിന്റെ കൈപ്പറ്റു രശീതിയും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ നിർവ്വഹണ ഏജൻസികളിൽ തുക അടവാക്കിയതിന്റെ കൈപ്പറ്റു രശീതിയും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ക്രമ നം	പ്രോജക്ട് നമ്പരും പേരും	നിർവ്വഹണ ഏജൻസി	വൗച്ചർ നം. & തിയതി	അടവാക്കിയ തുക
1	42/2020 IKM വിഹിതം അടവാക്കൽ	ഇൻഫോർമേഷൻ കേരള മിഷൻ	21900462/ 09-08-19	47,012
2	147/2020 കാൻ ത്യശൂർ -ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ	ജില്ലാ പഞ്ചായത്ത്	21900761/ 01-10-19	70,000
3	155/2020 ABC പദ്ധതി കുടുംബശ്രീ ജില്ലാ മിഷന് തുക കൈമാറൽ	കൊ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷന്	21900762 / 01.10.19	1,00,000

1-38 കുടിവെള്ള പ്രോജക്ടുകളിൽ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിയിൽ താഴെ പറയുന്ന പ്രോജക്ടുകൾക്കായി തുക മുൻകൂറായി അടവാക്കിയതിന്റെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയത് നിർവ്വഹണ ഏജൻസിൽ നിന്നും ലഭ്യമാക്കി, ഓഡിറ്റിന്

പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ക്രമ നം	പ്രോജക്ട് വിവരം	നിർവ്വഹണ ഏജൻസി	ഫണ്ട് വിവരം	വൗച്ചർ നം.	തുക
1	211/20 കല്ലഴിപ്പടി പൈപ്പ് ലൈൻ നീട്ടൽ	കേരള വാട്ടർ അതോറിറ്റി	സി.എഫ്.സി ഗ്രാന്റ്	21900464/ 11-08-19	1,00,000
2	26/20നെടുങ്ങോട്ടുമുക്ക് പൈപ്പ് ലൈൻ നീട്ടൽ		സി.എഫ്.സി ഗ്രാന്റ്	21901250/ 22-01-20	1,36,000

1-39 വൈദ്യുത പ്രോജക്ടുകളിൽ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

കെ.എസ്.ഇ.ബി.യിൽ താഴെ പ്രോജക്ടുകൾക്കായി തുക മുൻകൂറായി അടവാക്കിയതിന്റെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയത് നിർവ്വഹണ ഏജൻസിൽ നിന്നും ലഭ്യമാക്കി, ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ക്രമ നം	പ്രോജക്ട് വിവരം	നിർവ്വഹണ ഏജൻസി	ഫണ്ട് വിവരം	വൗച്ചർ നം.	തുക
1	139/2020 വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് KSEBയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ	കെ.എസ്.ഇ.ബി.	തനത് ഫണ്ട്	21900926/ 18-01-2020	1,00,000
2	87/20 തെരുവു വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ		സി.എഫ്.സി ഗ്രാന്റ്	21900935/ 21-01-2020 21901097/ 10-01-2020	1,00,000 1,00,000
3	145/20 അഞ്ചാം വാർഡിലെ ഇ.എം.എസ് ഭൂമിയിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ		സി.എഫ്.സി ഗ്രാന്റ്	21901092/ 31-12-2019	1,50,000

1-40 ഫില്ലിംഗ് വിത്ത് കാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നയിനത്തിന് DSR നിരക്കിലും കൂടിയ തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ NREGS നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫില്ലിംഗ് വിത്ത് കാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നയിനം പ്രവൃത്തിക്ക് ച.മീറ്ററിന് 1262.79 രൂപ നിരക്കാണ് നൽകി കാണുന്നത്. എന്നാൽ പി.ഡബ്ലിയു.ഡി മാനവൽ 2013 ഖണ്ഡിക51.2.3 പ്രകാരം മേൽ പ്രവൃത്തിക്ക് DSR നിരക്ക് പ്രകാരം അനുവദിക്കാവുന്ന നിരക്ക് ച.മീറ്ററിന് 891.95 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ ഇതേയിനം പ്രവൃത്തിക്ക് 891.95 രൂപ നൽകുമ്പോൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുന്നത് ക്രമപ്രകാരമല്ല. 2018-19 ൽ നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളിലും ഇപ്രകാരം അധികമായി തുക ചെലവഴിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പ്രവൃത്തിയുടെ പേര്	അളവ് പുസ്തക നം.	ചെയ്ത അളവ് (ച.മീറ്റർ)	നൽകിയ തുക, നൽകാവുന്ന തുക	അധികം നൽകിയത്
1	തൃശ്ശൂർ- ഷൊർണ്ണൂർ റോഡിൽ നിന്നും ശിവദാസൻ ഡോക്ടറുടെ വീടിനുസമീപം പുത്തൻപുരയ്ക്കൽ	175/19-20	13.5	17,047.66 12,041.33	5006.33

	ലത്തീഫിന്റെ വീടുവരെ റോഡ് പുനരുദ്ധാരണം				
2	വാഴക്കോട്-പള്ളി മേപ്പുറം റോഡ് സൈഡ് കെട്ട് റോഡ് കോൺക്രീറ്റിംഗ് ചെയ്യലൽ	167/19-20	12.19	15,393.28 10,872.87	4,520.41
3	ഓട്ടുപാറയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ്-5	144/19-20	11.97	10676.64 15,115.47	4438.83
4	കാഞ്ഞിരശ്ശേരി-പള്ളിപ്പടി റോഡ് നിർമ്മാണവും സൈഡ്സംരക്ഷണവും	115/19-20	7.5	6689.63 9470.92	2781.29
5	കുന്നത്തുപീടികയിൽ ഉമ്മർ വീട് മുതൽ വലിയപറമ്പിൽ സുഹറയുടെ വീട് വരെ റോഡ് കോൺക്രീറ്റിംഗ് വാർഡ്-13	208/19-20	16.55	14,761.77 20,899.17	6137.40

ഇപ്രകാരം കൂടിയ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നതിന് കാരണം തിരക്കി ഓഡിറ്റ് എൻകൃയറി 19/05.03.21 നൽകിയതിന് മറുപടിയായി, തൊഴിലുറപ്പ് പദ്ധതിക്ക് എസ്റ്റിമേറ്റുകൾ ഉണ്ടാക്കാനായി നിർമ്മിച്ചു നൽകിയിട്ടുള്ള Secure എന്ന സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റുകൾ ഉണ്ടാക്കുന്നതെന്നും അതിൽ ഇപ്രകാരം കൂടിയ നിരക്കാണെന്നും പറയുന്നു. സോഫ്ട് വെയറിലെ നിരക്കുകൾ രേഖപെടുത്തുന്നതിലുള്ള അപാകത മൂലമാണ് ഇത്തരത്തിൽ സംഭവിക്കുന്നത് എന്നതിനാൽ ഒരേ പ്രവൃത്തി വ്യത്യസ്ത നിരക്കിൽ ചെയ്യുന്നതിലൂടെ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നതായി കാണുന്നു. ആയതിനാൽ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1-41 ഫെർട്ടിഗെഷൻ യൂണിറ്റ് - അപാകതകൾ

ഫെർട്ടിഗേഷൻ യൂണിറ്റ്, പദ്ധതി നം.140/2020
2019-20 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്റ്റിലേയ്ക്ക് 29.9.2019 ലെ 55(1) തീരുമാന പ്രകാരം 9 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്.

ക്രമ നം	പേരും മേൽവിലാസവും
1	സത്യഭാമ, ചെറുവാറെ വീട്, ഇരുനിലംകോട്
2	രമ.പി.സി, പൂപ്പറമ്പിൽ ഹരിഭവൻ , ഇരുനിലംകോട്
3	അശ്വിൻകുമാർ വറവട്ടൂർ
4	സുലൈമാൻ എം.എം , അത്തിക്കപ്പറമ്പിൽ
5	നന്ദിനി W/o കേശവൻ നമ്പൂതിരി പെരുമനങ്ങാട്ട് മന
6	ഗോവിന്ദൻകുട്ടി നായർ, പാതിരംകുന്നത്ത്, കാഞ്ഞിരംശ്ശേരി
7	പ്രഭാകരൻ, നെടുങ്ങോട്ടിൽ ഹൗസ്, മുള്ളൂർക്കര
8	ഭദ്രകുമാരി.പി.എൻ, പെരുമങ്ങാട്ടുമന, ആറ്റൂർ
9	സുജയ്, തെക്കേക്കര ,വിളക്കത്തല,ഇരുനിലംകോട്

മേൽ പട്ടികയിൽ മുഹമ്മദ് മുസ്തഫ.കെ.യു എന്ന ഗുണഭോക്താവ് ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

എന്നാൽ 2020-21 വർഷത്തിൽ മേൽ വ്യക്തിയുടെ 30803256481 എന്ന അക്കൗണ്ടിലേയ്ക്ക് 30,000 രൂപ നല്കിയിട്ടുണ്ട്. ടിയാനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള കാരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (10/2.3.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-42 ലൈഫ് ഭവനപദ്ധതി - അപാകതകൾ

ലൈഫ് ഭവനപദ്ധതി (എസ് സി)

2019-20 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ കരാർ വെച്ച ഗുണഭോക്താക്കളിൽ അഞ്ച് പേർ വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കരാർ വെച്ച ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്, മേൽവിലാസം	നല്കിയ തുക	തിയ്യതി
1	ചിന്ന, പാലിയം പറമ്പിൽ, മുള്ളൂർക്കര	40000 79078 80922	7.2.20 19.1.20 6.2.21
2	വിദ്യ സുരാജ്, അപ്പാനത്ത് പറമ്പിൽ, മുള്ളൂർക്കര	40000 160000	7.2.20 22.10.20

മേൽ ഗുണഭോക്താക്കളുടെ വീടുകളുടെ പണി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-43 കന്നുകുട്ടിപരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നം. 5/2020 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം എസ്.എൽ.ബി.പി ഡയറക്ടർക്ക് 3,12,500 രൂപ (ബിൽനം.3/5.2.2020) കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-44 പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ല

ജി.ഒ.(പി)259/2010/തസ്വഭവ/തിയതി 8.11.2010 പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുമുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനം നടത്തുന്ന ഏതൊരു വാങ്ങലിനും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സണായും സെക്രട്ടറി കൺവീനറായും രൂപീകരിച്ച പർച്ചേയ്സ് കമ്മിറ്റിയുടെ അംഗീകാരവും ശുപാർശയും ഉണ്ടായിരിക്കണം. പർച്ചേയ്സ് കമ്മിറ്റിയുടെ മിനിട്സ് പുസ്തകം പരിശോധിച്ചതിൽ തൻവർഷം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പർച്ചേയ്സ് ഉൾപ്പെടുന്ന പ്രൊജക്ടുകളിലൊന്നും തന്നെ പർച്ചേയ്സ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	പ്രൊജക്ടിന്റെ പേര്	ചെലവഴിച്ച തുക (₹)
306/20	എ.ഇ.ഓഫീസിലേക്ക് ഇൻവെർട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ	68400
243/19	എ.ഇ.ഓഫീസിലേക്ക് പ്രിന്ററും മോണിറ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ	13300

സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പർച്ചേയ്സ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

1-45 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് -

അവലോകനം

ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച പൊതു അവലോകനം താഴെ ചേർക്കുന്നു.

1	2019-20 വർഷത്തെ മൊത്തം അടങ്കൽ	23,34,40,000
2	2019-20 വർഷത്തെ മുൻ ബാക്കി	985
3	2019-20 വർഷത്തെ ആകെ വരവ്	1,41,83,082
4	2019-20 വർഷത്തെ ആകെ ചെലവ്	1,41,84,067
5	2019-20 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ്	0
6	2019-20 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം	214
7	2019-20 വർഷത്തിൽ പൂർത്തിയാക്കിയ ചെയ്തപദ്ധതികളുടെ എണ്ണം	214
8	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം	2,484
9	2019-20 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	

സ്ത്രീ	പുരുഷൻ	ആകെ
42660	2990	45650

പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ
12990	34	31626	45650

11	2019-20 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം	813
12	2019-20 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം	146
13	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം	ഇല്ല
14	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ	1,24,26,607

	വിതരണം ചെയ്ത വേതനം	
15	2019-20 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം	33,70,128
16	സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ	2019-20 രണ്ടാം ഘട്ടം

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

ക്രമ നം	പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം	നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം	ചെലവഴിച്ച തുക
1	മണ്ണ് , ജല സംരക്ഷണം	39	31,49,999
2	വരൾച്ച തടയൽ വനവത്കരണം	19	2,48,147
3	ചെറുകിട ജലസേചനം	-	-
4	പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയില് ജലസംരക്ഷണം	10	31,99,520
5	പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം	10	31,99,250
6	ഭൂവികസനം	25	28,47,902
7	വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ	2	3,42,000
8	മറ്റുള്ളവ	109	50,21,602
9	ആകെ	214	1,57,96,735

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 7079/- രൂപ നഷ്ടം

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ ടെണ്ടർ കുറവ് രേഖപ്പെടുത്തിയത് ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. ഇതു മൂലം 7079 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടുകളുടെ വിവരം	മൂല്യനിർണ്ണയ വിവരം	കുറവ് വന്ന തുക

	പ്രോജക്ട് - കണ്ണംപാറ അംഗൻവാടി അറ്റകുറ്റപണികൾ (220/20) അടങ്കൽ - 150000 ചെലവ് - 1,41,589/- , ബിൽനം.17/19-20, 26.6.19 കരാർനം,തിയതി - 54/AE/LSGD /PZR/18-19,29.9.2018 MB-171/18-19, 135/18-19 കരാറുകാരൻ - കെ.കെ.സന്തോഷ്കുമാർ ടെണ്ടർ നിരക്ക് -5% കുറവ്	മൂല്യനിർണ്ണയതുക -141589/- പരിമിതപ്പെടുത്തിയത് -141589/- കിഴിവുകൾ IT-1416 KCWWF-1416 CGST-0 SGST-0 ആകെ-2832 കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയ തുക -1,38,757	ടെണ്ടർ കുറവ് 5% -7079
	ആകെ തുക		7,079/-

ആയതിനാൽ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	2480000	ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ (പ്രൊ.നം.134/20, 180/20)	245971	2234029
		200000	സമഗ്ര ക്ഷീര വികസനം പാലിന് സബ്സിഡി (പ്രൊ.നം.73/20)	200000	0
		300000	ശാരീരിക മാനസിക വെല്ലുവിളി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊ.നം.18/20)	300000	0
		500000	സമഗ്ര നെൽകൃഷി വികസനം (പ്രൊ.നം.130/20)	**500000**	**0**
		1500000	ലൈഫ് മിഷൻ ഭവന നിർമ്മാണം (SCP) (പ്രൊ.നം.292/20)	360922	1139078
		200000	ആശ്രയ പ്രോജക്ട് (പ്രൊ.നം.150/20)	0	0
ജില്ലാ പഞ്ചായത്ത്	2019-20	**50000**	സമഗ്ര ക്ഷീര വികസനം പാലിന് സബ്സിഡി (പ്രൊ.നം.73/20)	**50000**	**0**

		175000	വികലാംഗർക്ക് ഉപകരണങ്ങളും സ്കൂട്ടറും നല്കൽ (പ്രൊ.നം.57/20)	125419	49581
		50000	ആശ്രയ പ്രോജക്ട് (പ്രൊ.നം.150/20)	50000	0
		200000	ശാരീരിക മാനസിക വെല്ലുവിളി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊ.നം.18/20)	147500	52500
		200000	പാലിയേറ്റീവ് കെയർ (പ്രൊ.നം.46/20)	200000	
		500000	നിലവിലുള്ള കുളങ്ങളെ നീന്തൽ കുളങ്ങൾ ആക്കി മാറ്റൽ (പ്രൊ.നം.288/20)	0	500000
		500000	വയോജന പാർക്ക് (പ്രൊ.നം.289/20)	500000	0
		100000	തെരുവ് വിളക്ക് സ്ട്രീറ്റ്മെയിൻ വലിക്കൽ (പ്രൊ.നം.87/20)	100000	0
		300000	അംഗൻവാടി അനുപൂരക പോഷകാഹാരം (പ്രൊ.നം.4/20)	0	300000

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KWA	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (278/20)		96000	-	96000
KSEB	തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കുന്നതിന് സ്ട്രീറ്റ്മെയിൻ വലിക്കൽ (87/20)	21901097	100000	-	100000
		21900935	100000	-	100000
KSEB ചെറുതുരുത്തി	കാഞ്ഞിരശ്ശേരി വടക്കേക്കര കുടിവെള്ളപദ്ധതിക്ക് 3 ഫേസ് ലൈൻ വലിക്കൽ-(212/20)	21900465	68393	-	68393
KSEB	ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (139/20)	21900926	100000	-	100000

KSEB	കണക്കന്മാർ കുന്നത്ത് കുടിവെള്ളപദ്ധതി വൈദ്യുതികണക്ഷന് അടച്ച തുക	21900743	5922	-	5922
KSEB	വൈദ്യുതി ലൈൻ നീട്ടൽ (145/20)	21901092	149494	-	149494

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഹഡ്കോ ലൈഫ് പദ്ധതി	സ.ഉ.(എം.എസ്.) നം.151/2017 /ത.സ്വ.ഭ.വ. തിയതി.31/07/17	82,00,000	52,00,000	5,73,529	14,706	76,11,765

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	5000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നമ്പർ
	5000	83/05-07-2001
ആകെ	5000	

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,800/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2014-15	2-1	360	സുരേഷ്.കെ.വി, ബിൽഡിംഗ് സൂപ്പർവൈസർ	119130101640 തി.24.9.2019
2014-15	2-1	240	ഗോപു.സി.ജെ, ബിൽഡിംഗ് സൂപ്പർവൈസർ	119130101641 തി.24.9.2019
2014-15	2-1	240	മുരളീധരൻ, ബിൽഡിംഗ് സൂപ്പർവൈസർ	119130101642 തി.24.9.2019
2014-15	2-1	360	മഹീന്ദ്ര, ബിൽഡിംഗ്	119130101643 തി.24.9.2019

			സൂപ്പർവൈസർ	
2014-15	2-1	600	സെക്രട്ടറി, മുള്ളൂർക്കര സഹകരണസംഘം	119130101644 തി.24.9.2019
ആകെ		1800		

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2013-14	5.2.4.8	2013-14		എസ്എസ്എ ബജറ്റ് വിഹിതങ്ങളിൽ ചെലവഴിക്കുന്നില്ല	മറുപടി നൽകിയിട്ടുണ്ട്
2013-14	14.6.3	2013-14		തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലെ സേവനങ്ങളുടെ സമാഹരണം	മറുപടി നൽകിയിട്ടുണ്ട്
2013-14	14.6.3.1	2013-14		പ്രൊക്വയർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം	മറുപടി നൽകിയിട്ടുണ്ട്
2013-14	14.6.3.2	2013-14		പ്രൊക്വയർമെന്റ് സൈക്കിൾ ആദ്യപടി പാലിക്കപ്പെടുന്നില്ല.	മറുപടി നൽകിയിട്ടുണ്ട്
2014-15	1.1.2.3.4.5.6.7	2016-17		വസ്തുനികുതിയുമായി ബന്ധപ്പെട്ട് അപാകതകൾ	18.07.2018 തിയ്യതിലാണ് റിപ്പോർട്ട് ലഭിച്ചത്
2014-15	2.1	2016-17		തൊഴിൽ നികുതി പിരിവിലെ അപാകതകൾ	ആകെ 2280 രൂപ വിവിധ രസീതികളിലായി അടവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷംവസ്തുനികുതി പിരിവ് 100%കൈവരിച്ചിട്ടു ണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്.

ഓഡിറ്റു വർഷം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികൾ ഇല്ലാത്തതാണ്.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	7,79,11,583
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	7,32,76,425
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	7,079/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	75,710/-

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	നഷ്ടമായ തുക	ഉത്തരവാദിയായ

നമ്പർ	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	ആളുടെ പേരും ഉദ്യോഗപ്പേരും
3-1		7,079/-	രശ്മി.കെ.ആർ, അസി.എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-34	75,710	രശ്മി.കെ.ആർ, അസി.എഞ്ചിനീയർ
ആകെ	75,710/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
രശ്മി.കെ.ആർ, അസി.എഞ്ചിനീയർ	അസി.എഞ്ചിനീയർ, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്	കുറുവത്ത്, അച്യുതമേനോൻ റോഡ്, പൂത്തോൾ, തൃശൂർ 680004

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
80-81	നം.എൽ.എഫ്.ടി.എസ്.2-770/11 , തി.19.07.11/ 21.10.11	1	
81-82		1	
84-85		3	
86-87, 87-88		2	
88-89, 89-90		5	
91-92		2	
92-93, 93-94		5	
94-95		6	
96-97, 97-98	നം.എൽ.എഫ്. ടി-17 -34/01/29.01.03		
98-99	നം.എൽ.എഫ്.ടി. 20-1846/99, തി.05.06.2000/ 31.08.2000		
99-2000 (ചെലവ്)	നം.എൽ.എഫ്.ടി. 17/1040/03 തി.07.01.04		
99-2000 (വരവ്)	നം.എൽ.എഫ്.ടി.-17- 1428/07		
2000-01 (പദ്ധതി ചെലവ്)	നം.എൽ.എഫ്.ടി 17- 1634 /03 24.11.03		
2000-2001 (വരവ് ചെലവ്)	നം.എൽ.എഫ്.ടി 17-1431		

2001-02 (പദ്ധതി ചെലവ്)	നം.എൽ.എഫ്.ടി. 17-1632/03 , തി. 24.11.03		
01-02(വരവ് ചെലവ്)	നം.എൽ.എഫ്.ടി. പി1 294/12/ തി.29.02.2012		2-1(e), 2-3(B) ഒഴികെ എല്ലാ പരാമർശങ്ങളും നിലനിൽക്കുന്നു
02-03 (ചെലവ്)	നം.എൽ.എഫ്.ടി. പി1 294/12 / തി.29.02.2012/ 29.03.12		2-1(E), 2-8(B) ഒഴികെ എല്ലാ പരാമർശങ്ങളും നിലനിൽക്കുന്നു.
03-04 (വരവ് ചെലവ്)	നം.എൽ.എഫ്.ടി.പി1(294)/12,29.02.2012/ തി.29.03.12		
04-05	നം.എൽ.എഫ്.ടി.പി 1 (294) /12 തി.29.02.2012/ 29.03.12		
05-06	നം.എൽ.എഫ്.ടി. 17-1752/09 / തി.17.09.10		
06-07	നം.എൽ.എഫ്.ടി. 17- 1753/ 09 / തി.17.09.10		
07-08	നം.എൽ.എഫ്.ടി. 17- 1437/10, തി.24.01.2011		
08-09	നം.എൽ.എഫ്.ടി.17-1438/10, തി.24.10.11/22.10.11		
09-10			
10-11	നം.എൽ.എഫ്.ടി. പി 1/ 412/ 12 , തി.17.07.12/ 27.11.12		
11-12	നം.എൽ.എഫ്.ടി. പി 1-1430/13 തി. 02.01.14/ 06.03.14		
12-13	നം.എൽ.എഫ്.ടി.പി5.1441/14, തി.09.01.2015/ 07.03.2015		
2013-14	നം.കെ.എസ്.എ.ടി..എസ്.ആർ.പി5/67/15/ തി.12.10.15		
2014-15	നം.കെ.എസ്.എ.ടി.എസ്.ആർ.പി5/1036/16/ തി.30-06-16/26-07-16		
2015-16	നം.കെ.എസ്.എ.ടി.എസ്.ആർ.പി5/ 1965/16/ തി.18.11.16/16-01-17		
2016-17	നം.കെ.എസ്.എ.ടി.എസ്.ആർ. (പി5)1256/17 തി.29.07.2017		
2017-18	നം.കെ.എസ്.എ.ടി.എസ്.ആർ. (പി5)1501/18 തി.02.11.2018		
2018-19	നം.കെ.എസ്.എ.ടി.എസ്.ആർ. (പി5)1779/19 തി.07.01.2020		

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്